**പതിമൂന്നാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി

**(2011–2014)**

## മൂന്നാമത് റിപ്പോർട്ട്

കൊയിലാണ്ടി, വിഴിഞ്ഞം, നീണ്ടകര, ചേറ്റുവ എന്നീ മത്സ്യബന്ധന തുറമുഖ സന്ദർശനം അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്

(2014 ഫെബ്രുവരി 6-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ**
**തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച**
**സമിതി**
**(2011–2014)**

**മൂന്നാമത് റിപ്പോർട്ട്**

കൊയിലാണ്ടി, വിഴിഞ്ഞം, നീണ്ടകര, ചേറ്റുവ എന്നീ മത്സ്യബന്ധന
തുറമുഖ സന്ദർശനം അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്

(2014 ഫെബ്രുവരി 6–ാം തീയതി സമർപ്പിച്ചത്)

509/2014.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 37 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

„ കെ. ദാസൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. എ. റ്റി. ജോർജ്

„ ഹൈബി ഈഡൻ

„ കെ. കുഞ്ഞിരാമൻ (ഉദുമ)

„ എൻ. എ. നെല്ലിക്കുന്ന്

„ റ്റി. എൻ. പ്രതാപൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി.

## ആമുഖം

കേരള നിയമസഭയുടെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതി (2011-14)യുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മത്സ്യമേഖലയെ സംബന്ധിച്ചിടത്തോളം പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തിന്റെ പടിഞ്ഞാറുഭാഗം പൂർണ്ണമായും അറബിക്കടലിന്റെ തീരപ്രദേശമായതിനാൽ തീരദേശവാസികളിൽ ഏറിയപങ്കും മത്സ്യബന്ധനത്തെയും അനുബന്ധ തൊഴിലുകളെയും ആശ്രയിച്ചു കഴിയുന്നവരാണ്. മത്സ്യബന്ധനം നടത്തുന്നതിന് അനുയോജ്യമായ കടൽത്തീരപ്രദേശം മത്സ്യമേഖലയുടെ പ്രാധാന്യം വർദ്ധിപ്പിച്ചു. മത്സ്യബന്ധനയാനങ്ങൾ സുഗമമായി കടലിലിറക്കാനും പിടിച്ച മത്സ്യം കരയ്ക്കടുപ്പിക്കാനും പര്യാപ്തമായ പ്രകൃതിദത്തമായ പ്രദേശങ്ങളും ഇവിടെയുണ്ട്. ചിലയിടങ്ങളിൽ തീരക്കടലിന്റെ ആഴം വർദ്ധിപ്പിച്ചും തിരമാലയുടെ ശക്തി കുറയ്ക്കുന്നതിനാവശ്യമായ കടൽഭിത്തികളും പുലിമുട്ടുകളും സ്ഥാപിച്ചും മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിർമ്മാണത്തിന് തുടക്കമിട്ടു. ഇവയുടെ നിർമ്മാണ പ്രവൃത്തികൾ പലഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ചിലയിടങ്ങളിൽ തടസ്സങ്ങൾ ഉയർന്നതിനാൽ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. വിദേശനാണ്യം നേടിത്തരുന്ന ഒരു പ്രധാന സ്രോതസ് എന്ന നിലയിൽ മത്സ്യബന്ധന മേഖലയുടെ വികസനം വ്യാപിപ്പിക്കേണ്ടതും മത്സ്യബന്ധന തുറമുഖങ്ങളുടെ അപര്യാപ്തതകൾ പരിഹരിക്കപ്പെടേണ്ടതും അനിവാര്യമായിരിക്കുന്നു. വൻതുക ചെലവഴിച്ചിട്ടും പലസ്ഥലങ്ങളിലും മത്സ്യബന്ധന തുറമുഖങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്താത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളെക്കുറിച്ച് ഒരു പഠനം നടത്തുന്നതിന് സമിതി തീരുമാനിക്കുകയും കൊയിലാണ്ടി, വിഴിഞ്ഞം, നീണ്ടകര, ചേറ്റുവ എന്നീ മത്സ്യബന്ധന തുറമുഖ പ്രദേശങ്ങളിൽ യഥാക്രമം 1-8-2013, 25-9-2013, 6-11-2013, 10-12-2013 എന്നീ തീയതികളിൽ സമിതി സന്ദർശനം നടത്തുകയും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി അവരിൽനിന്നും തൊഴിലാളി സംഘടനാ ഭാരവാഹികളിൽനിന്നും പരാതികൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് മത്സ്യബന്ധന തുറമുഖങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി മത്സ്യബന്ധന തുറമുഖം, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുകയുണ്ടായി. പ്രസ്തുത സന്ദർശന യോഗങ്ങളിലും തെളിവെടുപ്പു യോഗങ്ങളിലും നടത്തിയ ചർച്ചകളിൽനിന്ന് ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

2014 ഫെബ്രുവരി മാസം 4-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡൊമിനിക് പ്രസന്റേഷൻ,
*അദ്ധ്യക്ഷൻ,*
*മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 6.

# റിപ്പോർട്ട്

ഭൂമിശാസ്ത്രപരമായി കേരളത്തിന്റെ പടിഞ്ഞാറൻ അതിർത്തി ഏകദേശം 590 കി.മീറ്റർ നീളത്തിൽ പൂർണ്ണമായും പ്രകൃതിദത്തവും സമൃദ്ധമായ മത്സ്യസമ്പത്ത് ഉൾക്കൊള്ളുന്നതുമായ തീരക്കടലാണ്. സംസ്ഥാനത്തുനിന്നും പ്രതിവർഷം ശരാശരി 6 ലക്ഷം ടൺ മത്സ്യം ഉല്പാദിപ്പിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ മത്സ്യബന്ധനരംഗം പ്രധാന പങ്കുവഹിക്കുന്നു. യൂറോപ്യൻ രാജ്യങ്ങൾ ജപ്പാൻ, യു.എസ്.എ. എന്നിവിടങ്ങളിലേക്ക് മത്സ്യം കയറ്റി അയയ്ക്കുന്നതിലൂടെ വിദേശനാണ്യം നേടിത്തരുന്നു.

2. സംസ്ഥാനത്തിന്റെ പടിഞ്ഞാറ് ഭാഗം സുദീർഘമായ കടൽത്തീരമാകയാൽ ഈ പ്രദേശത്ത് അധിവസിക്കുന്നവരുടെ മുഖ്യതൊഴിൽ മീൻപിടിത്തവും അനുബന്ധ തൊഴിലുകളുമാണ്. സംസ്ഥാനത്ത് മത്സ്യമേഖലയിൽ ഏകദേശം 11.33 ലക്ഷം മത്സ്യത്തൊഴിലാളികൾ 222 മത്സ്യഗ്രാമങ്ങളിലായി വസിക്കുന്നു. സംസ്ഥാനത്തെ ശരാശരി ജനസാന്ദ്രത 819 ആണെന്നിരിക്കെ, തീരദേശത്തെ ജനസാന്ദ്രത 2168 ആണ്. മത്സ്യമേഖല 3.86 ലക്ഷം ജനങ്ങൾക്ക് പ്രത്യക്ഷമായും അതിലേറെപ്പേർക്ക് പരോക്ഷമായും ജോലിസാധ്യത ഉറപ്പാക്കുന്നു. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അവരുടെ മുഖ്യതൊഴിലായ മത്സ്യബന്ധനത്തിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ളവരാണ്. ആഞ്ഞുവീശുന്ന കാറ്റിനെയും അലറിയടുക്കുന്ന തിരമാലകളെയും അതിജീവിച്ച് മത്സ്യബന്ധനയാനങ്ങൾ നിയന്ത്രിക്കുന്നതിനും മത്സ്യബന്ധനോപകരണങ്ങൾ നിർമ്മിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും കടലിന്റെ ഓരോ മാറ്റവും സസൂക്ഷ്മം നോക്കിക്കണ്ട് കാലാവസ്ഥയെക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കി പ്രവർത്തിക്കുന്നതിനും ഇതര സംസ്ഥാനങ്ങളിലെ മത്സ്യത്തൊഴിലാളികളെക്കാൾ കേരളത്തിലെ തൊഴിലാളികൾ ഏറെ വൈദഗ്ദ്ധ്യം നേടിയവരാണ്. ആയതിനാൽ കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ തൊഴിൽ ചെയ്യുന്നവർ സംസ്ഥാന ഖജനാവിലേക്ക് വിലപ്പെട്ട സംഭാവനയാണ് നൽകുന്നത്. രാജ്യത്തിന്റെ സമ്പദ്സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സ്വദേശത്തും വിദേശത്തുമുള്ളവരുടെ മുഖ്യഭക്ഷണാവശ്യത്തിനുംവേണ്ടി അശ്രാന്തപരിശ്രമം ചെയ്യുന്ന ഈ വിഭാഗത്തിന്റെ സാമ്പത്തിക, സാമൂഹിക ചുറ്റുപാടുകൾ വളരെ പിന്നോക്കാവസ്ഥയിലാണ്. മത്സ്യമേഖലയിൽനിന്ന് രാജ്യത്തിനു ലഭിക്കുന്ന നേട്ടം വലുതായതിനാൽ മത്സ്യമേഖലയിലെ ജനവിഭാഗത്തിന്റെ ഉദ്ധാരണം കൂടാതെയുള്ള മറ്റേതുവികസനവും അർത്ഥപൂർണ്ണമാകുന്നില്ല.

3. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. കാലാവസ്ഥാ വ്യതിയാനം, കുറഞ്ഞ മത്സ്യലഭ്യത, പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ ഘടകങ്ങൾ അതിജീവനത്തിന്റെ പാതയിൽ വിലങ്ങുതടികളായി നിലകൊള്ളുന്നു. ഭാവിസുരക്ഷയ്ക്കുവേണ്ടിയുള്ള കരുതലില്ലായ്മയും മത്സ്യലഭ്യത കുറയുമ്പോൾ നഷ്ടം നികത്താനായി പണം കടമെടുക്കുന്നതും അവരെ നിത്യദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നു. കടലിനുള്ളിലെ സ്വാഭാവിക പാരുകളും അവ കേന്ദ്രീകരിച്ചുകൊണ്ടുള്ള മത്സ്യപ്രജനനത്തിന്റെ നിരക്കും കുറഞ്ഞത് മത്സ്യലഭ്യത കുറയുന്നതിന് കാരണമായി.

കേരള തീരങ്ങളിൽ സുലഭമായി ലഭിച്ചിരുന്ന ഗുണമേന്മയുള്ള പല മത്സ്യങ്ങളും വംശനാശഭീഷണി നേരിടുകയാണ്. അനിയന്ത്രിതവും തുറസ്സായതുമായ മത്സ്യബന്ധനംമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽമേഖലയുടെ വ്യാപ്തി കുറഞ്ഞുവരുന്നു. കനത്ത വരുമാനം ലക്ഷ്യമാക്കി വിദേശട്രോളറുകളും തദ്ദേശീയ ട്രോളറുകളും നിരോധിത വലകളും മറ്റ് യന്ത്രോപകരണങ്ങളും ഉപയോഗിച്ച് കടലിന്റെ അടിത്തട്ടിൽനിന്ന് ചെറുമത്സ്യങ്ങളെപ്പോലും കോരിയെടുക്കുമ്പോൾ അപര്യാപ്തതകൾക്കു മുമ്പിൽ നട്ടംതിരിയുന്ന, പരമ്പരാഗതരീതികൾ അവലംബിച്ച് മീൻപിടിക്കുന്ന തൊഴിലാളികൾ നിസ്സഹായരായിപ്പോകുന്നു. കൂടാതെ പലതരത്തിലുള്ള ചൂഷണങ്ങൾക്കാണ് ഈ വിഭാഗം വിധേയരാകുന്നത്. മണ്ണെണ്ണ കരിഞ്ചന്തക്കാരും മത്സ്യവിപണനത്തിലെ ഇടനിലക്കാരും ഈ നിസ്സഹായാവസ്ഥയിൽ സഹായിക്കാനെത്തുന്ന വട്ടിപ്പലിശക്കാരും ഇക്കൂട്ടരെ അമിതമായി ചൂഷണം ചെയ്യുന്നു. അമിതലാഭത്തിനുവേണ്ടി കടലിൽ യാനങ്ങളിറക്കുന്നവരും ഉപജീവനത്തിനുവേണ്ടി അധ്വാനിക്കുന്നവരും തമ്മിലുള്ള അന്തരം മത്സ്യവിപണിയിൽ പ്രകടമാണ്. വള്ളം, വല, മറ്റു ഉപാധികൾ എന്നിവയുടെ വില വൻതോതിൽ വർദ്ധിച്ചതും സർക്കാർ മേഖലയിൽനിന്ന് ലഭിക്കുന്ന ധനസഹായം മതിയാകാതെ വരുന്നതും മത്സ്യത്തൊഴിലാളികളെ വിഷമസന്ധിയിലാക്കുന്നു.

4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനയാനങ്ങൾ കടലിലിറക്കാൻ പര്യാപ്തമായ തീരപ്രദേശങ്ങൾ പലേടത്തും ഉണ്ടെങ്കിലും പ്രകൃതിക്ഷോഭവും കടൽക്കയറ്റവുംമൂലം അവയെ എക്കാലവും ആശ്രയിക്കാൻ സാധിക്കാതെവരുന്നു. ഈ വിഭാഗം ജനങ്ങൾക്ക് സുഗമമായി മത്സ്യബന്ധനയാനങ്ങൾ കടലിൽ ഇറക്കുന്നതിനും കോരിയെടുത്ത മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനും മത്സ്യസമ്പത്ത് വിപണനം ചെയ്യുന്നതിനുംവേണ്ടി സംസ്ഥാനത്ത് വിവിധയിടങ്ങളിലായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന മത്സ്യബന്ധനതുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾ പലഘട്ടങ്ങളിലാണ്. നിർമ്മാണം പൂർത്തിയായി കമ്മീഷൻ ചെയ്തവയും നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നവയും നിർമ്മാണഘട്ടത്തിൽ തടസ്സങ്ങൾ ഉണ്ടായതിനാൽ പ്രവർത്തനം നിർത്തിവച്ചിരിക്കുന്നവയും ഇവയിലുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടത്തുന്ന മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണപുരോഗതി സംബന്ധിച്ചുള്ള വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.

5. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അതിജീവനം ലക്ഷ്യമിട്ടുള്ളതാകയാൽ തീരദേശ മേഖലയുടെ വികസനം വളരെയധികം പ്രാധാന്യമർഹിക്കുന്നു. മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും മറ്റു സാങ്കേതിക ഘടകങ്ങളുടെയും നിർമ്മാണം, അറ്റകുറ്റപ്പണികൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവയോടൊപ്പം തീരദേശമേഖലയിൽപ്പെടുന്ന സാങ്കേതിക നിർമ്മാണഘടകങ്ങളുടെ അന്വേഷണ ഗവേഷണം, പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ ആസൂത്രണ വ്യതിയാനങ്ങൾ സംബന്ധിച്ച പഠനം, തീരദേശ മേഖലയിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം, ശുദ്ധജലവിതരണ പദ്ധതികൾ, സാനിട്ടേഷൻ പദ്ധതികൾ മുതലായവയും മത്സ്യബന്ധന തുറമുഖപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുവരുന്നു.

6. വർഷങ്ങൾക്കുമുമ്പുതന്നെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പല മത്സ്യബന്ധന തുറമുഖങ്ങളും നവീകരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. പ്രകൃതിക്ഷോഭം, ഹാർബർ ഉപഭോക്താക്കളുടെയും യാനങ്ങളുടെയും എണ്ണത്തിലെ വർദ്ധനവ്, കാലപ്പഴക്കം എന്നീ കാരണങ്ങളാലും മെച്ചപ്പെട്ട സംവിധാനങ്ങൾ ഉൾക്കൊള്ളിക്കുന്ന തിനുംവേണ്ടിയാണ് തുറമുഖങ്ങൾ നവീകരിക്കുന്നത്. അതിന് കാലതാമസം നേരിടുന്നത് മത്സ്യക്കയറ്റുമതി മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. ഹാർബറി ലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതും വാർഫിന്റെ നീളം കൂട്ടുന്നതും ബെർത്തിംഗ് സൗകര്യങ്ങൾ ക്രമീകരിക്കുന്നതും ഫിഷ് ലാന്റിംഗ് സെന്ററുകൾ പരിഷ്കരിക്കുന്നതും ഡ്രെഡ്ജിംഗ് യഥാസമയം കാര്യക്ഷമമായി നടത്തേണ്ടതും അനിവാര്യമായിരിക്കുന്നു. മത്സ്യശേഖരണവും സംസ്കരണവും തുറമുഖ പ്രദേശങ്ങളിൽ തന്നെയാണ് നിർവ്വഹിക്കുന്നത് എന്നതിനാൽ ഹാർബറിന്റെ ശുചിത്വം സൂക്ഷിക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നു. കയറ്റുമതി മാർക്കറ്റിൽ ഗുണനിലവാരത്തിന് കോട്ടംതട്ടാതെ കൈകാര്യം ചെയ്യേണ്ട മത്സ്യശേഖരം കടലിൽനിന്ന് പിടിക്കുന്നതുമുതൽ കയറ്റി അയയ്ക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ മലിനാവസ്ഥയിലൂടെ കടന്നു പോകാൻ പാടില്ല. ആയതിനാൽ മത്സ്യബന്ധനം മുതലുള്ള പ്രക്രിയകളിൽ കയറ്റി അയയ്ക്കാനുള്ള മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടിയിരിക്കുന്നു. വികസനത്തിനും നവീകരണത്തിനുംവേണ്ടി സ്ഥലം ഏറ്റെടുക്കൽ, മലിനജലം കെട്ടിക്കിടക്കുന്ന ഓടകളുടെ ശുചീകരണം, ഖരമാലിന്യ സംസ്കരണം, ലേലപ്പുരകളുടെ തറ മെച്ചപ്പെടുത്തൽ, പൊട്ടിപൊളിഞ്ഞ റോഡുകളുടെ പുനരുദ്ധാരണം തുടങ്ങിയ സൗകര്യങ്ങളും നവീകരണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. മത്സ്യബന്ധന തുറമുഖ പ്രദേശങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകളും പൂച്ചകളും വൃത്തിഹീനമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനാൽ അവയെ നിയന്ത്രിക്കേണ്ടതും അനിവാര്യമാണ്.

7. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളും പരാതികളും നിലനില്ക്കുന്ന സാഹചര്യത്തിൽ അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നേരിട്ടുകണ്ട് വിലയിരുത്തുന്നതിനും ആവശ്യങ്ങൾ മനസ്സിലാക്കുന്ന തിനുംവേണ്ടി സമിതി കൊയിലാണ്ടി, വിഴിഞ്ഞം, നീണ്ടകര, ചേറ്റുവ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ യഥാക്രമം 1-8-2013, 25-9-2013, 6-11-2013, 10-12-2013 എന്നീ തീയതികളിൽ സന്ദർശനം നടത്തുകയും ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പുനടത്തുകയും മത്സ്യമേഖലയിൽ നിന്നുള്ള പരാതികൾ സ്വീകരിക്കുക യുമുണ്ടായി. തുടർന്ന് 13-11-2013, 15-1-2014 എന്നീ തീയതികളിൽ പ്രവർത്തന പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുകയും ചെയ്തു. പ്രസ്തുത യോഗങ്ങളിലും സന്ദർശനവേളകളിലും സമിതിക്ക് ബോധ്യമായ വസ്തുതകളും കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം**

8. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയ കുറിപ്പ് താഴെ ചേർക്കുന്നു:

"കോഴിക്കോട് ജില്ലയിലെ ഒരു പ്രധാന മത്സ്യബന്ധന കേന്ദ്രമാണ് കൊയിലാണ്ടി. കൊയിലാണ്ടിയിൽ 1995-ൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തിയാക്കിയ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിലെ സൗകര്യങ്ങൾ അപര്യാപ്തമായതിനാലും വർഷകാലത്ത് വള്ളങ്ങളും ബോട്ടുകളും സുരക്ഷിതമായി കരയ്ക്കടുപ്പിക്കുവാനും വൃത്തിയുള്ള ചുറ്റുപാടിൽ മത്സ്യവിപണനം നടത്തുവാനും ഇവിടെ ഒരു മത്സ്യബന്ധന തുറമുഖം അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ 15 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് സർക്കാരിന്റെ 13-3-2000-ലെ സ.ഉ.നമ്പർ 109/2000/മതുവ. നമ്പർ ഉത്തരവനുസരിച്ച് അംഗീകാരം ലഭ്യമായി. അതനുസരിച്ച് പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഈ വകുപ്പ് മുഖേന നടത്തുകയും മാതൃകാപഠനം നടത്തുന്നതിനായി മദ്രാസിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT) എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും 2002-ൽ മാതൃകാപഠനറിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് തൃശ്ശൂരിലെ Envirochem Laboratories-ൽനിന്നും പരിസ്ഥിതി പഠനറിപ്പോർട്ടും സെസ്സിൽനിന്നും CRZ റിപ്പോർട്ടും ലഭിക്കുകയുണ്ടായി. 11-3-2005-ൽ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ടി പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസും ലഭ്യമായി. ഇതിന്റെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതി രൂപരേഖയ്ക്ക് 3545 ലക്ഷം രൂപയ്ക്ക് 22-12-2005-ൽ കേന്ദ്രസർക്കാരിൽനിന്നും 11-7-2006-ൽ സംസ്ഥാനസർക്കാരിൽനിന്നും 50% കേന്ദ്രാവിഷ്കൃതപദ്ധതിയായി അംഗീകാരം ലഭ്യമായി. ഇതിന്റെ 50% വരുന്ന തുക സംസ്ഥാനസർക്കാർ വിഹിതമാണ്. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 1772.50 ലക്ഷം രൂപ നബാർഡ് വായ്പയാണ്. അംഗീകാരം ലഭ്യമായ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്:

| *ക്രമ നമ്പർ* | *പ്രവർത്തിയുടെ പേര്* | | |
|---|---|---|---|
| 1 | ബ്രേക്ക്‌വാട്ടർ (വടക്കുഭാഗം) | .. | 1995 m |
| 2 | ബ്രേക്ക്‌വാട്ടർ (തെക്കുഭാഗം) | .. | 1110 m |
| 3 | കീവാൾ | .. | 200 m |
| 4 | ഓക്ഷൻ ഹാൾ | .. | 800 $m^2$ |
| 5 | ഡ്രഡ്ജിംഗ് | .. | 100000 $m^3$ |
| 6 | റിക്ലമേഷൻ | .. | 28000 $m^3$ |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | | |
|---|---|---|---|
| 7 | റോഡ്സ് & പാർക്കിംഗ് ഏരിയ | .. | 14150 $m^2$ |
| 8 | കാന്റീൻ & പ്രൊവിഷൻ സ്റ്റോർ | .. | 300 $m^2$ |
| 9 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് & ഗേറ്റ് ഹൗസ് | .. | 500 $m^2$ |
| 10 | ഗേറ്റ് & ഗേറ്റ് ഹൗസ് | .. | 40 $m^2$ |
| 11 | നിലവിലുള്ള കെട്ടിടങ്ങളുടെ മോഡിഫിക്കേഷൻ | .. | |
| 12 | ചുറ്റുമതിൽ | .. | 670 m |
| 13 | ഡ്രെയിനേജ് | .. | 215 m |
| 14 | സ്വീവേജ് | .. | 211 $m^2$ |
| 15 | ടോയ്ലെറ്റ് ബ്ലോക്ക് | .. | 102 $m^2$ |
| 16 | വാട്ടർ സപ്ലൈ | .. | 100000 ലിറ്റർ |
| 17 | കിണർ 7.5 HP പമ്പ് മുതലായവ | | |
| 18 | ഇലക്ട്രിഫിക്കേഷൻ & ലൈറ്റിംഗ് | | |
| 19 | പ്രീ-ഡെവലപ്മെന്റ് | | |
| 20 | എൻവയോൺമെന്റൽ ഡാമേജ് മിറ്റിഗേഷൻ | | |
| 21 | വേയ് ബ്രിഡ്ജ് | | |
| 22 | റ്റി & പി വെഹിക്കിൾ, എക്വിപ്മെന്റ്സ് | | |
| 23 | മോഡേൺ സയന്റിഫിക് മാനേജ്മെന്റ് | | |
| 24 | ഗ്രീൻ ബെൽറ്റ് | | |
| 25 | നാവിഗേഷണൽ എയ്ഡ്സ് | | |

ഈ പദ്ധതി പൂർത്തിയാകുമ്പോൾ 120-ഓളം യന്ത്രവൽകൃത ബോട്ടുകൾക്കും 120-ഓളം ഇൻബോർഡ് വള്ളങ്ങൾക്കും 447 പരമ്പരാഗതതോണികൾക്കും വൃത്തിയുള്ള സാഹചര്യത്തിലും സുരക്ഷിതമായും മത്സ്യം കരയ്ക്ക് അടുപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകുന്നതാണ്. ഈ പദ്ധതി പൂർത്തിയാകുന്നതോടുകൂടി 6886 ലക്ഷം രൂപയുടെ 21188 ടൺ മത്സ്യം ഈ മത്സ്യബന്ധന തുറമുഖത്തുനിന്നും കൈകാര്യം ചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾവഴി ഏകദേശം ഒന്നരലക്ഷം തൊഴിൽദിനങ്ങൾ ലഭ്യമാകുന്നതാണ്. കൂടാതെ, ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ പ്രതിവർഷം ഏകദേശം 1.65 ലക്ഷം തൊഴിൽദിനങ്ങൾ നേരിട്ടും 8.25 ലക്ഷം തൊഴിൽദിനങ്ങൾ പരോക്ഷമായും ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ അഴിത്തല,

കൊളവിപാലം, അയണിക്കാട്, പയ്യോളി, കൊയിലാണ്ടി, കരെക്കാട്, തിക്കൊടി, നന്ദി, മൂടാടി, കൊല്ലം, വലൈകത്ത്പള്ളി, വിരുന്നുകണ്ടി, ചെറിയമങ്ങാട്, വലിയമങ്ങാട്, എഴുകുടിക്കൽ, തൂവപ്പാറ, കപ്പക്കടവ്, കണ്ണൻകടവ് തുടങ്ങിയ ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

പദ്ധതിയിലെ പ്രധാന ഘടകമായ പുലിമുട്ടുകളുടെ നിർമ്മാണത്തിന് 30-8-2006-ൽ സാങ്കേതികാനുമതി നൽകി 20-6-2007-ൽ ഉടമ്പടിയിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു. കടലിന്റെ അടിത്തട്ടിൽ കൂടുതലായുള്ള കളിമണ്ണിന്റെ സാന്നിദ്ധ്യം കാരണം പുലിമുട്ടിൽ നിക്ഷേപിക്കുന്ന കല്ലുകൾ കൂടുതലായി താഴ്ന്നുപോകുന്നതായി കാണപ്പെട്ടതിനാലും ഈ സാഹചര്യത്തിൽ നിർമ്മാണം മുന്നോട്ടുപോയാൽ പുലിമുട്ടിന്റെ നിർമ്മാണച്ചെലവ് വളരെയേറെ കൂടുതലാകാൻ സാദ്ധ്യതയുള്ളതിനാലും പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന നീളത്തിൽ പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അപ്രകാരം സർക്കാരിൽനിന്നും അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം വടക്കേ പുലിമുട്ട് 1515 മീറ്റർ നീളത്തിലും തെക്കേ പുലിമുട്ട് 915 മീറ്റർ നീളത്തിലും 30-3-2012-ൽ പൂർത്തീകരിച്ചു.

ഹാർബറിന്റെ മറ്റൊരു പ്രധാന ഘടകമായ ജെട്ടിയുടെയും ലേലപ്പുരയുടെയും നിർമ്മാണം 30-3-2013-ന് പൂർത്തിയായി. എന്നാൽ ഈ പ്രവൃത്തിയോട് അനുബന്ധിച്ച് ചെയ്തിരുന്നതായ റിക്ലമേഷൻ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഹാർബർ ബേസിനിൽ മണൽ ലഭ്യമല്ലാത്തതിനാൽ തെക്കേ പുലിമുട്ടിന്റെ ഫൂട്ടിൽ അടിഞ്ഞുകൂടിയിരുന്ന മണൽ ഡ്രഡ്ജ് ചെയ്ത് റിക്ലമേഷൻ നടത്താനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രദേശവാസികളുടെ എതിർപ്പുമൂലം ഡ്രഡ്ജിംഗ് പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലായിരുന്നു. പിന്നീട് കോഴിക്കോട് ജില്ലാ കളക്ടർ ഇടപെട്ടതിനെത്തുടർന്ന് ചില ക്രമീകരണങ്ങൾ നടത്തി തെക്കുഭാഗത്തുനിന്നും വടക്കുഭാഗത്തുനിന്നും ഒരേസമയം 1/3 ഭാഗം വീതം ഡ്രഡ്ജ് ചെയ്യുവാൻ ധാരണയാകുകയും എന്നാൽ തെക്കുഭാഗത്തുനിന്ന് മണൽ ഡ്രഡ്ജ് ചെയ്തപ്പോൾ നാട്ടുകാരുടെ എതിർപ്പ് നിമിത്തം പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചില്ല. കോഴിക്കോട് NIT-യുടെ പഠനം അനുസരിച്ച് ശേഷിക്കുന്ന റിക്ലമേഷൻ പ്രവൃത്തി നടത്തുന്നതിനായി ബേസിനിൽ അടിഞ്ഞുകൂടിയ ചെളി ദൃഢപ്പെടുത്തിയെടുത്ത് നികത്തുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ആയത് ലാഭകരമല്ല എന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ ഗ്രാവലി എർത്ത് ഉപയോഗിച്ച് റിക്ലമേഷൻ നടത്തുന്നതിനായി 355 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

പദ്ധതിക്കാവശ്യമായ കിണറും വാട്ടർടാങ്കും നിർമ്മിക്കുന്ന പ്രവൃത്തി രണ്ടുതവണ ദർഘാസ് ക്ഷണിച്ചതിനുശേഷം നടപടി പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന അനുബന്ധ പ്രവൃത്തികളായ ആന്തരിക റോഡുകൾ, പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, കാന്റീൻ, ഷോപ്പ് മുറികൾ, ടോയ്‌ലെറ്റ് ബ്ലോക്ക്, ഗേറ്റ് & ഗേറ്റ് ഹൗസ് തുടങ്ങിയ പ്രവൃത്തികൾ റിക്ലമേഷൻ പ്രവൃത്തി പൂർത്തിയായതിനുശേഷം മാത്രമേ ചെയ്യാൻ കഴിയുള്ളൂ. റിക്ലമേഷൻ പ്രവൃത്തിക്ക് തടസ്സം നേരിട്ടതിനാൽ അനുബന്ധ ഘടകങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും

കഴിഞ്ഞില്ല. ആയതിനാൽ ശേഷിക്കുന്ന ഘടകങ്ങളുടെ പൂർത്തീകരണം ഉൾപ്പെടെ പദ്ധതിയുടെ പൂർത്തീകരണത്തിനായി 6574 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള കോമ്പ്രിഹെൻസീവ് റിപ്പോർട്ട് 12-12-2013-ൽ സംസ്ഥാന സർക്കാരിന്റെ 15834/ബി2/10/എഫ്&പിഡി. നമ്പർ കത്തുപ്രകാരം കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോമ്പ്രിഹെൻസീവ് റിപ്പോർട്ടിന് അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ശേഷിക്കുന്ന പ്രവൃത്തികൾ 18 മാസം കൊണ്ട് പൂർത്തീകരിക്കുന്നതാണ്. ഈ പദ്ധതിക്കായി നാളിതുവരെ 4787.98 ലക്ഷം രൂപ ചെലവായിട്ടുണ്ട്."

9. കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2007-ൽ ആരംഭിച്ചുവെങ്കിലും പണിപൂർത്തിയാക്കി ഹാർബർ കമ്മീഷൻ ചെയ്യുന്ന കാര്യത്തിൽ പല തടസ്സങ്ങളും നേരിട്ടതായും തുടർപ്രവർത്തനങ്ങൾക്കുവേണ്ടി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രവൃത്തികളുടെ കാലതാമസംമൂലം നിർമ്മാണച്ചെലവ് വർദ്ധിക്കുകയും മത്സ്യത്തൊഴിലാളികൾക്ക് തുറമുഖത്തിന്റെ പ്രയോജനം ലഭിക്കാതിരിക്കുകയും ചെയ്യും എന്നതിനാൽ കേന്ദ്രസർക്കാരിൽനിന്നും റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി വാങ്ങി പൂർത്തീകരിക്കേണ്ട നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. പ്രദേശവാസികളിൽനിന്നുള്ള എതിർപ്പുമൂലം ഡ്രഡ്ജിംഗ് നടത്തി കൊയിലാണ്ടി മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട റിക്ലമേഷൻ ജോലികൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതായും ഇപ്പോൾ ഗ്രാവലി എർത്ത് ഉപയോഗിച്ച് ഈ ജോലികൾ നടത്തുന്നതിന് തീരുമാനിച്ചതായും സമിതി മനസ്സിലാക്കുന്നു. ഇതിനായി സമർപ്പിച്ചിട്ടുള്ള 355 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അടിയന്തരമായി അംഗീകാരം നൽകി റിക്ലമേഷൻ ജോലികൾ പൂർത്തീകരിക്കുകവഴി അനുബന്ധ ഘടകങ്ങളുടെ പൂർത്തീകരണം സാദ്ധ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട ഡ്രഡ്ജിംഗ് ജോലികൾ കാര്യക്ഷമമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. തുറമുഖപദ്ധതിക്കാവശ്യമായ കിണറും വാട്ടർ ടാങ്കും നിർമ്മിക്കുന്ന പ്രവൃത്തി കരാറുകാരൻ ഏറ്റെടുത്തെങ്കിലും പ്രവൃത്തിസ്ഥലം ഫിഷറീസ് വകുപ്പിൽനിന്നും തുറമുഖ എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറ്റം ചെയ്തു കിട്ടാത്തതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിനായി ആരംഭിച്ച ടി പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി ജലലഭ്യത ഉറപ്പുവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. തിക്കോടി-കോടിക്കൽ എന്നീ തീരപ്രദേശങ്ങളിലെ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. മത്സ്യത്തൊഴിലാളികളുടെ സൗകര്യം കണക്കിലെടുത്ത് തിക്കോടി-കോടിക്കൽ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

14. തീരപ്രദേശങ്ങളിലെ കിണറുകളിൽനിന്ന് മിക്കവാറും ഉപ്പുരസമുള്ള ജലമാണ് ലഭിക്കുന്നത്. ആയതിനാൽ കടലോരപ്രദേശനിവാസികൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതികൾക്ക് വളരെയേറെ പ്രാധാന്യം നൽകേണ്ടതുണ്ട്. പെരുവണ്ണാമൂഴി, ചിറ്റാരിക്കടവ് എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ജലവിതരണം ആരംഭിച്ചിട്ടില്ലെന്ന് സമിതിക്ക് ബോധ്യമാകുന്നു. ജലക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും തടസ്സങ്ങൾ നേരിടുന്നതിനാൽ ജനങ്ങൾക്ക് അതിന്റെ പ്രയോജനം സിദ്ധിക്കുന്നില്ല. ആയതിനാൽ കൊയിലാണ്ടി പ്രദേശത്തെ മത്സ്യബന്ധന തുറമുഖം, കടൽത്തീരം എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപെടുത്തി പെരുവണ്ണാമൂഴി ഡാമിൽനിന്നുള്ള വെള്ളം പ്രയോജനപ്പെടുത്തിയും ചിറ്റാരിക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജുണ്ടാക്കി അവിടത്തെ വെള്ളം ഉപയോഗിച്ചും ജലവിതരണപദ്ധതി അംഗീകരിച്ച് പ്രാവർത്തികമാക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. കൊയിലാണ്ടി തീരപ്രദേശത്തുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന രൂക്ഷമായ ഒരു പ്രശ്നമാണ് വലയുടെ ദൗർലഭ്യം എന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വലയുടെ 20% മാത്രമേ സർക്കാർ മേഖലയിൽ ഉല്പാദിപ്പിക്കുവാൻ കഴിയുന്നുള്ളൂവെന്നും ബാക്കി 80 ശതമാനവും സ്വകാര്യമേഖലയിലാണ് ഉല്പാദിപ്പിക്കുന്നതെന്നും കടൽമാക്രിയുടെ ആക്രമണംമൂലം വല പെട്ടെന്നു നശിച്ചുപോകുന്ന സാഹചര്യം ഉണ്ടാകുന്നതിനാൽ വലദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു വല നിർമ്മാണ യൂണിറ്റ് സ്ഥാപിക്കേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ വടക്കൻ കേരളത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപയോഗാർത്ഥം സർക്കാർ മേഖലയിൽ ഒരു വല നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കു വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായി 4787.98 ലക്ഷം രൂപ ഇതിനകം വിനിയോഗിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കണക്കുവിവരം പൊതുജനങ്ങൾക്ക് കാണാൻ കഴിയുന്ന തരത്തിൽ ഹാർബർ പ്രദേശത്ത് പ്രദർശിപ്പിക്കണമെന്നും അപ്രകാരം നിർമ്മാണപ്രവൃത്തികൾ കൂടുതൽ സുതാര്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

17. മത്സ്യത്തൊഴിലാളി കോളനികളിൽ അനുവദിച്ച് നൽകിയിരുന്ന 60 ഇരട്ടവീടുകൾ ശോച്യാവസ്ഥയിലായതിനാൽ അവ പുതുക്കിപ്പണിയുന്നതിന് ഫണ്ട് വകയിരുത്തണമെന്ന ആവശ്യം സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ഇരട്ടവീടുകൾ നവീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. 1991-ലെ കോസ്റ്റൽ സോൺ റെഗുലേഷൻ നിയമപ്രകാരം കൊയിലാണ്ടി നഗരസഭാ പ്രദേശത്തെ CRZ-I കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത നിയമപ്രകാരം നഗരസഭയുടെ പരിധിയിൽപ്പെടുന്ന എല്ലാ തീരപ്രദേശങ്ങളെയും ഒരേ കാറ്റഗറിയിലാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ 1993-ൽതന്നെ കൊയിലാണ്ടി, നഗരസഭയായിമാറിയെങ്കിലും ഇപ്പോഴും പഞ്ചായത്തിന്റെ കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ പരിധിയിൽവരുന്ന പ്രദേശം വേറെ കാറ്റഗറിയിലായതിനാൽ കൊയിലാണ്ടി, മുനിസിപ്പാലിറ്റി ആയി മാറ്റിയ വിവരം വകുപ്പുമുഖേന കേന്ദ്രസർക്കാരിനെ അറിയിക്കുമ്പോൾ പഞ്ചായത്തിന്റെ കാറ്റഗറിയിൽ നിന്ന് മാറ്റപ്പെടും. നഗരസഭാപരിധിയിൽപ്പെടുന്നവർക്ക് CRZ നിയമത്തിൽ കൂടുതൽ ഇളവുകൾ അനുവദിക്കപ്പെട്ടിട്ടുള്ളതിനാൽ കൊയിലാണ്ടി പ്രദേശത്തെ പഞ്ചായത്തിന്റെ കാറ്റഗറിയിൽനിന്ന് മാറ്റി നഗരസഭയുടെ കാറ്റഗറിയിൽ (കാറ്റഗറി II) ഉൾപ്പെടുത്തുന്ന നടപടി തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈയെടുത്ത് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (CZMA), സംസ്ഥാന പരിസ്ഥിതി വകുപ്പ് എന്നിവയിലൂടെ കേന്ദ്രസർക്കാർ മുഖേന നടപ്പാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. കൊയിലാണ്ടി തീരപ്രദേശത്ത് ധീവര സമുദായത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മൃതദേഹം മറവു ചെയ്യുന്നതിന് സ്ഥലം ഇല്ലെന്നും അതിനാൽ കോഴിക്കോടുവരെ കൊണ്ടുപോകേണ്ടിവരുന്നതായും ഇതിനുവേണ്ടി വാങ്ങിയ സ്ഥലം നിയമപ്രശ്നങ്ങൾ കാരണം ഉപയോഗിക്കുവാൻ സാധിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. സമൂഹത്തിലെ ഒരു വിഭാഗം മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി സത്വര നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

20. കൊയിലാണ്ടി തീരപ്രദേശമായ പയ്യോളിയിൽ ഫിഷറീസ് ഡിസ്പെൻസറിക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായെങ്കിലും ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാത്തതിനാൽ സ്ഥാപനം പ്രവർത്തനക്ഷമമായിട്ടില്ല. തീരവാസികളുടെ ആരോഗ്യപരിപാലന രംഗത്ത് വളരെയധികം പ്രയോജനപ്രദമാകേണ്ട പ്രസ്തുത സ്ഥാപനം ജീവനക്കാരുടെ അഭാവംമൂലം പ്രവർത്തനരഹിതമായതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം പയ്യോളി ഡിസ്പെൻസറിയിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. മത്സ്യത്തൊഴിലാളി മേഖലയിലെ പെൺകുട്ടികൾ താമസിച്ച് പഠിക്കുന്ന കൊയിലാണ്ടി ഫിഷറീസ് സ്കൂൾ ഹയർ സെക്കന്ററി സ്കൂളാക്കി ഉയർത്തുന്നതിന് നടപടി ഉണ്ടാകണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടപ്പോൾ സ്കൂളിനു സമീപത്തായി ഫിഷറീസ് വകുപ്പിനുകീഴിലുള്ള സ്ഥലം ലഭ്യമാക്കുന്നപക്ഷം ഹയർ സെക്കന്ററി സ്കൂളിന് ആവശ്യമായ സ്ഥലസൗകര്യം ഉണ്ടാകുമെന്ന് സമിതിക്കു ബോധ്യപ്പെട്ടതിനാൽ കൊയിലാണ്ടി ഫിഷറീസ് സ്കൂൾ, ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുന്നതിനും പ്രസ്തുത ആവശ്യത്തിലേക്കായി സ്കൂളിനു സമീപം മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള സ്ഥലം കൈമാറുന്നതിനുംവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

22. കൊയിലാണ്ടിയിൽ നിർമ്മിച്ച തീരദേശറോഡിൽ രണ്ട് പാലങ്ങളുടെ പണി ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. അവയുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

23. കോരപ്പുഴ അഴിമുഖം ആഴംകുറഞ്ഞ് ഏതാണ്ട് പൂർണ്ണമായി അടഞ്ഞ രീതിയിലാണെന്നും അവിടെ ഡ്രെഡ്ജിംഗ് ശരിയായി നടക്കുന്നില്ലെന്നും പുഴയിലെ ജലം മലിനമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും സമിതി വിലയിരുത്തുന്നു. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഇതിനായി തയ്യാറാക്കി വരുന്ന പ്രൊപ്പോസൽ ത്വരിതപ്പെടുത്തി അഴിമുഖം പൂർവ്വസ്ഥിതിയിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ അവിടെ അവശ്യംവേണ്ട പുലിമുട്ടുകളുടെ നിർമ്മാണവും നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം**

24. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് തുറമുഖ വകുപ്പ് ലഭ്യമാക്കിയ കുറിപ്പ് ചുവടെ ചേർക്കുന്നു:

"തിരുവനന്തപുരം ജില്ലയിൽ 16 കി. മീറ്റർ തെക്കുമാറി വിഴിഞ്ഞം ഫിഷിംഗ് ഹാർബർ സ്ഥിതിചെയ്യുന്നു. എല്ലാ കാലാവസ്ഥയിലും പോർട്ട് പ്രവർത്തനങ്ങൾക്കു പകരിക്കുന്നവിധത്തിൽ വിഴിഞ്ഞത്തെ വികസിപ്പിക്കുന്നതിന് 1945-ൽ തിരുവിതാംകൂർ മഹാരാജാവ് ഒരു പ്രൊപ്പോസൽ വയ്ക്കുകയും അതനുസരിച്ച് ഇംഗ്ലണ്ടിലെ മെസ്സേഴ്സ് അസോസിയേറ്റഡ് എഞ്ചിനീയേഴ്സിന്റെ സഹായം തേടുകയും അവർ വ്യാപാരസംബന്ധമായ ഹാർബറായി വിഴിഞ്ഞത്തെ വികസിപ്പിക്കുന്നതിന് പ്രിലിമിനറി പ്ലാൻ തയ്യാറാക്കുകയും ചെയ്തു.

പിന്നീട് 1962-ൽ സ്വീഡിഷ് ഹാർബർ വിദഗ്ദ്ധൻ Mr. Carl R. Bjuke മൂന്ന് ഘട്ടങ്ങളിലായി ഫിഷറി ഹാർബർ വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി. അതിൽ ഒന്നാംഘട്ടത്തിൽ 305 മീറ്റർ നീളമുള്ള ബ്രേക്ക്‌വാട്ടറും 60 മീറ്റർ നീളമുള്ള സർവ്വീസ് ജെട്ടിയും നിർമ്മിക്കുന്നതിന് 122 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 1962-ൽ അനുമതി ലഭിച്ചു. ടി പ്രവൃത്തികളുടെ നിർമ്മാണോദ്ഘാടനം കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. എസ്. കെ. പട്ടേൽ 1962-ൽ നടത്തി. എഫ്. എ. ഒ. വിദഗ്ദ്ധനായ ശ്രീ. Herenn A. Selmer-ന്റെ അഭിപ്രായപ്രകാരം ഡിസൈനിൽ മാറ്റം വരുത്തിയതനുസരിച്ച് ടി പ്രൊപ്പോസൽ 1963-ൽ മോഡിഫൈ ചെയ്തു. അതനുസരിച്ച് 173 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് 100% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 22-1-1968-ൽ 25-9-1967 എഫ്. വൈ. (എച്ച്) നമ്പർ കത്ത് പ്രകാരം അംഗീകാരം ലഭിച്ചു. അതനുസരിച്ച് 1967-ൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. 10/1971 വരെ ടി പ്രവൃത്തിയിൽ തൃപ്തികരമായ പുരോഗതി കൈവരിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്ത് പുനർ ഏർപ്പാടാക്കുകയുണ്ടായി. അതനുസരിച്ച് 260 മീറ്റർ നീളമുള്ള ബ്രേക്ക്‌വാട്ടറിന്റെ പണി 1974-ൽ പൂർത്തീകരിച്ചു. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 2 ഗ്രാനൈറ്റ് ക്വാറികൾ, 305 മീറ്റർ സീവേർഡ് ബ്രേക്ക്‌വാട്ടർ, ഓഫീസ്, ക്വാർട്ടേഴ്സ്, അപ്രോച്ച് റോഡ്, ലാന്റ് അക്വിസിഷൻ എന്നീ പ്രവൃത്തികൾ 1979-ൽ പൂർത്തീകരിച്ചു. ഒന്നാംഘട്ട വികസന പ്രവൃത്തികൾക്ക് 208 ലക്ഷം രൂപ ചെലവഴിച്ചു.

തുടക്കത്തിൽ ചെറിയ യന്ത്രവൽകൃത ബോട്ടുകൾ അടുപ്പിക്കുന്നതിനുള്ള സൗകര്യമേ ഒരുക്കിയിരുന്നുള്ളു. പൊതുവെ നല്ല ആഴമുള്ള വിഴിഞ്ഞം ബീച്ചിനെ ആഴക്കടൽ മത്സ്യബന്ധനത്തിനുതകംവിധത്തിലുള്ള പ്രോജക്ട് തയ്യാറാക്കി കേന്ദ്രാനുമതി പ്രതീക്ഷിച്ചുകൊണ്ട് കേരള സർക്കാർ 280 ലക്ഷം രൂപയുടെ രണ്ടാംഘട്ട വികസന പദ്ധതിക്ക് 10/77-ൽ അംഗീകാരം നൽകി. ടി ഘട്ടത്തിൽ ഉൾപ്പെട്ട പ്രധാന ഘടകങ്ങൾ 40 ഹെക്ടർ സ്ഥലത്തിന്റെ ലാന്റ് അക്വിസിഷൻ, പ്രധാന പുലിമുട്ടിന്റെ നീളം 100 മീറ്റർ വർദ്ധിപ്പിക്കൽ, ലീവേർഡ് ബ്രേക്ക്‌വാട്ടറിന്റെ നിർമ്മാണം എന്നിവയായിരുന്നു. തുടർന്ന് കേന്ദ്രാനുമതി പ്രതീക്ഷിച്ചുകൊണ്ട് കേരള സർക്കാർ മൂന്നാംഘട്ട വികസനത്തിന് 259.20 ലക്ഷം രൂപയുടെ പദ്ധതിക്ക് 6/1983-ൽ അംഗീകാരം നല്കി. ഇതിലെ പ്രധാന ഘടകങ്ങൾ ഡ്രഡ്ജിംഗ്, കീവാൾ, ലേലപ്പുര, റോഡ് നാവിഗേഷൻ എയ്ഡ്സ് എന്നിവയാണ്.

1982-ൽ ജി.ഒ.(എംഎസ്.) നമ്പർ 31/82/റ്റി.എഫ്. & പി.ഡി. തീയതി 14-4-1982 എന്ന സർക്കാർ ഉത്തരവുപ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് രൂപീകൃതമായി. മത്സ്യമേഖലയിലുണ്ടായ മഹത്തായ മാറ്റങ്ങൾമൂലം ടി പദ്ധതിരൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മോഡിഫൈ ചെയ്യുകയും അതനുസരിച്ച് രണ്ടാംഘട്ടവും മൂന്നാംഘട്ടവും ഉൾപ്പെടുത്തി 704 ലക്ഷം രൂപയുടെ പദ്ധതിരൂപരേഖ തയ്യാറാക്കുകയും 50% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 4-2-1987-ൽ 33013-21/82/Fy(H) Vol.II നമ്പർ പ്രകാരം അംഗീകാരം ലഭിക്കുകയുണ്ടായി.

രണ്ടും മൂന്നുംഘട്ട വികസനപദ്ധതിയിലുൾപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *പ്രവൃത്തിയുടെ പേര്* |
|---|---|
| I | ഡ്രഡ്ജിംഗ് & ഡിസ്പോസൽ |
| II | ബ്രേക്ക്‌വാട്ടർ |
| | (എ) സീവേർഡ് (എക്സ്റ്റൻഷൻ) |
| | (ബി) ലീവേർഡ് |
| | (സി) അപ്രോച്ച് റോഡ് |
| III | കീവാൾ |
| IV | റിപ്പയർ ഫെസിലിറ്റീസ് |
| V | ഓക്ഷൻ ഫാൾ |
| VI | നാവിഗേഷണൽ എയ്ഡ്ഡ് |
| VII | ആക്സിലറി ഫെസിലിറ്റീസ് |
| | (എ) ലാന്റ് അക്വിസിഷൻ |
| | (ബി) റോഡ് & സർഫസ് |
| | (സി) സ്വീവേജ് & ഡ്രെയിനേജ് |
| | (ഡി) വാട്ടർ സപ്ലൈ |
| | (ഇ) ഇലക്ട്രിസിറ്റി |
| | (എഫ്) അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഗേറ്റ്, ടോയ്‌ലെറ്റ്സ്, ഇൻഫർമേഷൻ സെന്റർ |
| | (ജി) ഫെൻസിംഗ് കോമ്പൗണ്ട് വാൾ |
| | (എച്ച്) റേഡിയോ കമ്മ്യൂണിക്കേഷൻ |

500 മീറ്റർ നീളമുള്ള വാർഫ്, 1000 ച. മീറ്റർ വിസ്തീർണ്ണമുള്ള രണ്ട് ലേലപ്പുരകൾ, ആന്തരിക റോഡുകൾ, 4000 സ്ക്വയർ മീറ്റർ പാർക്കിംഗ് സ്ഥലം, ടോയ്ലെറ്റ് എന്നിവ പൂർത്തീകരിച്ചു.

ഈ പദ്ധതിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നിവയൊഴിച്ചുള്ള ഘടകങ്ങൾ എല്ലാംതന്നെ പൂർത്തിയാക്കിയിട്ടുണ്ട്. ഡ്രഡ്ജിംഗ് ഭാഗികമായി മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞുള്ളൂ. രണ്ട് വാർഫുകളുടെയും മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഖബറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണമാണ് ഡ്രഡ്ജിംഗ് പൂർത്തിയാക്കുവാൻ കഴിയാതിരുന്നത്. രണ്ടും മൂന്നുംഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി 1705.755 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 690.5 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

ഇപ്പോൾ തടസ്സപ്പെട്ടുകിടക്കുന്ന പ്രവൃത്തികൾ

(1) ഖബർ സംരക്ഷണം.—രണ്ട് വാർഫിനുമിടയിൽ സ്ഥിതി ചെയ്യുന്ന ഖബർ സംരക്ഷിക്കാനായി 21 ലക്ഷം രൂപ അടങ്കൽത്തുക വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തു. പ്രീ കാസ്റ്റ് ഷീറ്റ് പൈലുകൾ അടിച്ച് സംരക്ഷിക്കുന്ന ടി പ്രവൃത്തിയുടെ പൈലുകൾ വാർക്കുന്ന പണി പൂർത്തിയായി. ഖബർ സംരക്ഷണ പ്രവൃത്തിയുടെ നിർമ്മാണരീതി സംബന്ധിച്ച് വിഴിഞ്ഞം തെക്കുംഭാഗം ജമാഅത്ത് ഭാരവാഹികൾക്ക് ചില ആശങ്കകൾ ഉള്ളതിനാൽ പൈലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുവാൻ ജമാഅത്ത് ഭാരവാഹികൾ അനുവദിക്കുന്നില്ല. പ്രവൃത്തിയുടെ പൂർത്തീകരണത്തിന് സർക്കാർതലത്തിൽ നടപടി ആവശ്യമാണ്.

(2) ചുറ്റുമതിൽ.—മൽസ്യബന്ധന തുറമുഖത്തിന്റെ ചുറ്റുമതിൽ ഭാഗികമായി പൂർത്തിയാക്കിയിരുന്നതാണ്. ശേഷിക്കുന്ന ഭാഗത്തെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 43.80 ലക്ഷം രൂപ തുക വരുന്ന പ്രവൃത്തി കരാറിലേർപ്പെട്ട് പണി നടന്നുവരികയാണ്. ഈ പ്രവൃത്തിയിലുൾപ്പെട്ട ഡി. & ഇ. ബ്ലോക്കിലെ ചുറ്റുമതിൽ കെട്ടുന്നതിന് ഇടവക കമ്മിറ്റി തടസ്സം അറിയിച്ചിട്ടുണ്ട്. പുതിയ മുസ്ലീം പള്ളിയുടെ ഭാഗത്ത് ജമാഅത്ത് അധികാരികൾ തടയുകയും മറ്റു പല ഭാഗങ്ങളിലും നാട്ടുകാർ വഴി ആവശ്യപ്പെട്ടു കൊണ്ട് തടസ്സങ്ങൾ ഉന്നയിക്കുന്നുമുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാൻ ഈ തടസ്സങ്ങൾ നീക്കം ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ സർക്കാർതലത്തിൽ നടപടി ആവശ്യമാണ്.

ഹാർബർ പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിനായി ഇനി ചെയ്യേണ്ട ജോലികൾ

(1) ഡ്രഡ്ജിംഗ്.—രണ്ട് വാർഫിനുമിടയിൽ ശേഷിക്കുന്ന ഭാഗത്തുള്ള മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കിയാൽ മാത്രമേ വാർഫ് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ. ഖബർ സംരക്ഷണ പ്രവൃത്തി പൂർത്തിയായശേഷം മാത്രമേ ഈ ഭാഗത്തെ മണ്ണ് നീക്കം ചെയ്യാൻ കഴിയുകയുള്ളൂ. ഏകദേശം 75000 ക്യൂ. മീറ്റർ മണ്ണ് നീക്കം ചെയ്യേണ്ടതുണ്ട്. ദർഘാസ്/ലേല അടിസ്ഥാനത്തിൽ കരാറുകാരുടെ സ്വന്തം ചെലവിൽ മണ്ണ് നീക്കം ചെയ്യുന്നതായിരിക്കും ഉചിതം.

(2) ഗേറ്റ് ഹൗസ്, യാർഡ് റൂം, സെപ്റ്റിക് ടാങ്ക് (വടക്കുഭാഗം).—തെക്കുഭാഗത്തെ ഗേറ്റ് ഹൗസ് നിർമ്മിച്ചു കഴിഞ്ഞു. വടക്കുഭാഗത്ത് ഗേറ്റ് ഹൗസ്, ഗാർഡ് റൂം, സെപ്റ്റിക് ടാങ്ക് എന്നിവ പണിയുന്നതിന് 3 പ്രാവശ്യം കരാർ വച്ച് ഏർപ്പാടാക്കി യെങ്കിലും ജമാഅത്ത്/സ്ഥലവാസികളുടെ എതിർപ്പുമൂലം പ്രവൃത്തി നടപ്പാക്കാൻ കഴിയാത്തതിനാൽ കരാർ അവസാനിപ്പിക്കുകയാണുണ്ടായത്.

(3) ടോയ്‌ലെറ്റുകൾ.—ഹാർബറിന്റെ ഇരുഭാഗങ്ങളിലും ടോയ്‌ലെറ്റുകൾ നിർമ്മിച്ചിരുന്നു. എന്നാൽ തെക്കുഭാഗത്ത് കോസ്റ്റൽ പോലീസ് സ്റ്റേഷന് സ്ഥലം കൈമാറി നൽകിയപ്പോൾ ടോയ്‌ലെറ്റ് പോലീസ് സ്റ്റേഷനതിർത്തിക്കുള്ളിലാകുകയാണുണ്ടായത്. അതിനാൽ ഈ ഭാഗത്ത് ഒരു ടോയ്‌ലെറ്റ് ബ്ലോക്കുകൂടി നിർമ്മിക്കേണ്ടതുണ്ട്.

(4) പാർക്കിംഗ് ഏരിയ (വടക്കുഭാഗം).—ഫിഷിംഗ് ഹാർബറിന്റെ വടക്കുഭാഗത്ത് പാർക്കിംഗ് ഏരിയ നിർമ്മിച്ചിട്ടില്ല. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. പുതിയ പള്ളിയുടെ മുൻഭാഗത്തായാണ് പാർക്കിംഗ് ഏരിയ നിർമ്മിക്കാനായി സ്ഥലമുള്ളത്. ഈ ഭാഗത്തെ നിർമ്മാണപ്രവൃത്തികൾ ജമാഅത്ത് തടസ്സപ്പെടുത്തിയി രിക്കുന്നു.

(5) വൈദ്യുതീകരണം.—യാർഡ് ലൈറ്റിംഗ് നേരത്തെതന്നെ പൂർത്തിയാക്കിയിരു ന്നതാണ്. എന്നാൽ കാലപ്പഴക്കംക്കൊണ്ടും കേബിൾ തകരാറുമൂലവും ലൈറ്റുകൾ പ്രവൃത്തിക്കുന്നില്ല. ഇതിന്റെ നവീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(6) ജലവിതരണം.—ലേലപ്പുരകളിലേക്കുള്ള ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചു. ഓവർഹെഡ് ടാങ്കിൽനിന്നും ഹാർബറിലേക്കുള്ള മെയിൻ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി പ്രവൃത്തികൾ ഏർപ്പാടാക്കേണ്ടതുണ്ട്."

25. ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുത്തപ്പോൾ അന്നത്തെ പുനരധിവാസ പാക്കേജുപ്രകാരം പകരം വസ്തു നൽകി വീട് വച്ചുകൊടുക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും വ്യവസ്ഥ യുണ്ടായിരുന്നുവെന്നും അതിനായി 10.76 ഹെക്ടർ ഭൂമി ഏറ്റെടുത്ത് മത്സ്യഫെഡ്ഡിന്റെ സഹായത്തോടെ വീട് നിർമ്മിച്ച് 1985-ൽ പുനരധിവാസം തുടങ്ങിയെന്നും 2008-ൽ ആയത് അവസാനിപ്പിച്ചെന്നും ഏറ്റെടുത്ത ഭൂമിയുടെ ഒരു ഭാഗം വെറുതെ കിടക്കുന്നുവെന്നും സമിതി മനസ്സിലാക്കി.

26. പുനരധിവാസ പദ്ധതിപ്രകാരം നൽകിയ പല വീടുകൾക്കും വൈദ്യുതി, സാനിറ്റേഷൻ സൗകര്യങ്ങളില്ലെന്നും കാലപ്പഴക്കംചെന്ന പല വീടുകളും പുതുക്കി പണിയുന്നതിനോ വില്ക്കുന്നതിനോ കഴിയാത്തതിനാൽ വീടുകൾക്ക് അടിയന്തരമായി പട്ടയം അനുവദിക്കണമെന്നും യോഗത്തിൽ പരാതി ഉന്നയിക്കപ്പെട്ടു.

27. പുനരധിവാസ പദ്ധതിപ്രകാരം അർഹതയുള്ളവർക്ക് പട്ടയം നൽകിയിട്ടു ണ്ടെന്നും ലീഗൽ ഹെയർഷിപ്പ് പ്രശ്നമുള്ളവർക്കും ഭാര്യ/ഭർത്താവ് മാത്രമായി താമസിക്കുന്നവർക്കുമാണ് ഇനി നൽകാനുള്ളതെന്നും ലഹളക്കാലത്ത് അനധികൃത മായി വീടുകൾ കൈയേറി താമസമായ കുറേപേർക്കും പട്ടയം നൽകിയിട്ടില്ലെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

28. ഇത്രയുംകാലമായിട്ടും പ്രഖ്യാപിച്ച നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്നും അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ പണം നൽകാൻ കഴിയൂ എന്നാണ് ബാങ്കുകളുടെ നിലപാടെന്നും 100-150 വർഷം പഴക്കമുള്ള വീടുകളുടെ അവകാശം തെളിയിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ആയത് പരിഹരിച്ച് നഷ്ടപരിഹാരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കണമെന്നും അപേക്ഷ ലഭിക്കുകയുണ്ടായി.

29. നഷ്ടപരിഹാരവും പട്ടയവും സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് റവന്യൂ വകുപ്പാണെന്നും പുനരധിവാസ പാക്കേജുപ്രകാരം ലിസ്റ്റ്ഔട്ട് ചെയ്ത് യഥാർത്ഥ അവകാശികൾക്ക് ഭൂമി കൊടുത്തുവെന്നും അനന്തരാവകാശികൾ ഇല്ലാത്തവർക്ക് പട്ടയം കൊടുത്തതുമൂലമുള്ള തടസ്സവും ഇപ്പോൾ നിലനില്ക്കുന്നുണ്ടെന്നും സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു.

30. ഈ വിഷയത്തിൽ കൂടുതൽ വ്യക്തതയ്ക്കായി സമിതി 13-11-2013-ൽ റവന്യൂ, മത്സ്യബന്ധന തുറമുഖം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളിലെ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽനിന്ന് തിരുവനന്തപുരത്തുവെച്ച് വിവരങ്ങൾ ശേഖരിച്ചു. ടി യോഗത്തിൽ സമർപ്പിച്ച സർക്കാർ റിപ്പോർട്ടിൽ താഴെപ്പറയുംവിധം കാര്യങ്ങൾ വിശദീകരിക്കുന്നു:

"വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾക്ക് മുസ്ലീം മതവിഭാഗത്തിലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി വിഴിഞ്ഞം വില്ലേജിൽ പുല്ലൂർക്കോണം ടൗൺഷിപ്പിൽ 13.50 ഹെക്ടറും ക്രിസ്ത്യൻ മതവിഭാഗത്തിലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 10 ഹെക്ടറും സ്ഥലം സർക്കാർ അക്വയർ ചെയ്തിരുന്നു. പ്രസ്തുത ഫിഷറീസ് ഡിപ്പാർട്ടുമെന്റുവക വസ്തു, പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കുടിഒഴിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണത്തിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷനെയും തുടർന്ന് മത്സ്യഫെഡ്ഡിനെയും ചുമതലപ്പെടുത്തിയിരുന്നു. ഇപ്രകാരം നിർമ്മിക്കുന്ന വീടുകൾ അനുവദിച്ചിരുന്നത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറും തിരുവനന്തപുരം ജില്ലാ കളക്ടർ, ഫിഷറീസ് ഡയറക്ടർ എന്നിവർ അംഗങ്ങളുമായി സർക്കാർ രൂപീകരിച്ചിരുന്ന മൂന്നംഗ കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായിട്ടാണ്. ഇപ്രകാരം നിർമ്മിച്ച വീടുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | *പുല്ലൂർക്കോണം* | *തെന്നൂർക്കോണം* |
|---|---|---|
| മത്സ്യഫെഡ് ആകെ നിർമ്മിച്ച വീടുകൾ | 517 | 400 |
| വീടുകൾ നിർമ്മിക്കുന്നതിന് 4 സെന്റ് സ്ഥലം അനുവദിച്ചിട്ടുള്ളത് | 36 | 18 |
| വീടുകൾ നിർമ്മിക്കുന്നതിന് 2 സെന്റ് സ്ഥലം അനുവദിച്ചിട്ടുള്ളത് | .. | 7 |
| ആകെ | 553 | 425 |

പുനരധിവാസ പദ്ധതിപ്രകാരം കുടിഒഴിപ്പിക്കപ്പെടുന്നവർക്ക് പദ്ധതി പ്രദേശത്തുള്ള വീടിനുപകരം 350 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടവും അതുൾപ്പെടുന്ന 4 സെന്റ് വസ്തുവുമാണ് നൽകിവന്നിരുന്നത്. ആ പദ്ധതിയുടെ ഭാഗമായി മത്സ്യഫെഡ് നേരിട്ട് നിർമ്മിച്ചു നൽകിയിരുന്നത് പുല്ലൂർക്കോണം ടൗൺഷിപ്പിൽ 517 വീടുകളും തെന്നൂർക്കോണം ടൗൺഷിപ്പിൽ 400 വീടുകളുമാണ്. പ്രസ്തുത വീടുകൾ നിർമ്മിക്കുന്നതിനായി 1995-96 കാലയളവുവരെ സർക്കാർ ഫണ്ട് അനുവദിക്കുകയും എല്ലാ വീടുകളുടെയും നിർമ്മാണം 1998-99 കാലയളവോടെ പൂർത്തീകരിക്കുകയും ചെയ്തു. എല്ലാ വീടുകൾക്കും കക്കൂസും നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി ആകെ 281.97 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 1995-96-നുശേഷം ഭവനനിർമ്മാണത്തിനായി ഫണ്ട് ലഭിക്കാത്തതിനാൽ ചില ഉപഭോക്താക്കൾക്ക് വീടുകൾ ലഭിച്ചിട്ടില്ല എന്ന പരാതികളുടെ അടിസ്ഥാനത്തിൽ, മൂന്നംഗ കമ്മിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുല്ലൂർക്കോണത്ത് 36 കുടുംബങ്ങൾക്ക് 4 സെന്റ് വീതവും തെന്നൂർക്കോണം ടൗൺഷിപ്പിൽ 18 കുടുംബങ്ങൾക്ക് 4 സെന്റ് വീതവും 7 കുടുംബങ്ങൾക്ക് 2 സെന്റ് വീതവും വസ്തു അനുവദിക്കുകയും ഗുണഭോക്താവ് വീട് നിർമ്മിക്കുന്ന മുറയ്ക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതിയിൽനിന്നുള്ള ധനസഹായം ഫിഷറീസ് വകുപ്പ് മുഖേന നേരിട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

പുനരധിവസിക്കപ്പെട്ടവർക്ക് അനുവദിച്ചിരുന്ന വീടുകളും അതുൾപ്പെട്ട സ്ഥലവും നിബന്ധനകൾക്ക് വിധേയമായി വസിക്കുന്നതിന് മാത്രമാണ് നൽകിയിരുന്നതെങ്കിലും ഉടമസ്ഥാവകാശം സർക്കാരിനായിരുന്നു. എന്നാൽ പ്രസ്തുത വീടുകൾക്കും അതുൾപ്പെട്ട വസ്തുവിനും ഉടമസ്ഥർക്ക് പട്ടയം നൽകാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചതുപ്രകാരം റവന്യൂ, ഫിഷറീസ് വകുപ്പുകളും മത്സ്യഫെഡ്ഡും സംയുക്തമായി പരിശോധിച്ച് മുസ്ലീം മതവിഭാഗത്തിനെ പ്രതിനിധീകരിക്കുന്ന ജമാഅത്തിന്റെയും നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് അർഹരായവർക്ക് പട്ടയം നൽകുന്ന നടപടി റവന്യൂ വകുപ്പ് നേരിട്ടാണ് നടത്തുന്നത്. ആകെയുള്ള 978 ഗുണഭോക്താക്കളിൽ ഇതുവരെ 690 പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിച്ചു വരുന്നതായും റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുകയുടെ വിതരണം റവന്യൂ വകുപ്പുമുഖാന്തിരമാണ് നടപ്പിലാക്കുന്നത്."

31. ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഇനി അക്വയർ ചെയ്യാനുണ്ടോയെന്നും പുനരധിവാസ പദ്ധതിപ്രകാരം വീടുവെച്ച് നൽകിയവരുടെ ലിസ്റ്റ് വകുപ്പിൽ ലഭ്യമാണോയെന്നും പട്ടയം നൽകുന്നതിന് പ്ലോട്ട് റെഡിയാണോ എന്നും സമിതി ആരാഞ്ഞു.

32. പട്ടയം കൊടുക്കേണ്ട 936 കുടുംബങ്ങളിൽ 755 പേർക്ക് പട്ടയം നൽകിയ രേഖയുണ്ടെന്നും ബാക്കി 181 പേരിൽ 81-ഓളം പേർ ഓഫർ ഓഫ് അസൈൻമെന്റ് വാങ്ങി അതുതന്നെയാണ് ഭൂമിയെ സംബന്ധിക്കുന്ന അവസാന രേഖയെന്ന് കരുതുകയും ചെയ്യുന്നതായും 120 പേർക്കുകൂടി പട്ടയം കൊടുക്കാനുള്ളതിൽ കുടുംബവഴക്ക്, അനധികൃത കൈമാറ്റം എന്നിവമൂലം ലീഗൽ ഹെയർഷിപ്പിൽ

തർക്കമുള്ള ഒരുവിഭാഗംകൂടി ഉൾപ്പെടുന്നുവെന്നും 120 പേർക്ക് പട്ടയം നൽകുന്നതിന് പ്ലോട്ട് റെഡിയാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ലാന്റ് അക്വിസിഷൻ നടപടികൾ കാലഹരണപ്പെട്ടതിനാലും ഹാർബറിന് ആവശ്യമായ സ്ഥലം കുറവു ചെയ്തതിനാലും അക്വയർ ചെയ്ത സ്ഥലം മുഴുവൻ ആവശ്യമില്ലെന്നും സമിതി കണ്ടെത്തി.

33. ഓഫർ ഓഫ് അസൈൻമെന്റും പട്ടയവും ഒരാളുടെ പേരിലായിരിക്കുമെന്ന തിനാൽ ഭാര്യയോ ഭർത്തോവോ ഉണ്ടെങ്കിൽ മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ എന്നും പല കുടുംബങ്ങളും വീട് വാടകയ്ക്ക് നൽകിയശേഷം വിദേശത്ത് താമസമാണെന്നും ആയതിനാൽ ഓഫർ ഓഫ് അസൈൻമെന്റ് കൈപ്പറ്റാൻ ആളില്ലാത്ത അവസ്ഥയും ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

34. 1962-ൽ പണി ആരംഭിച്ച വിഴിഞ്ഞം ഫിഷിംഗ് ഹാർബറിൽ 1985-ൽ പുനരധിവാസ പാക്കേജ് നടപ്പാക്കാൻ തുടങ്ങിയെങ്കിലും ആയതനുസരിച്ച് അർഹതപ്പെട്ടവർക്ക് എല്ലാം പട്ടയം നൽകുന്നതിനും പ്രഖ്യാപിക്കപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിലുമുണ്ടായ അനാവശ്യ കാലതാമസത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഹാർബർ തുടർനിർമ്മാണവുമായി ബന്ധപ്പെട്ട് നാട്ടുകാരുടെ പങ്കാളിത്തം കുറയുന്നതിനും തദ്വാരാ പ്രശ്നകലുഷിതമായ അന്തരീക്ഷം ഉടലെടുക്കുന്നതിനും കാരണമായെന്ന് സമിതി വിലയിരുത്തുകയും ചെയ്യുന്നു.

35. പട്ടയം സംബന്ധിച്ച പ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ കൺവീനറായും ഫിഷറീസ് ഡയറക്ടർ അംഗമായുമുള്ള കമ്മിറ്റി കാലാകാലങ്ങളിൽ ചേർന്ന് തീരുമാനമെടുക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ടി കമ്മിറ്റികൂടി വീടുകളിൽ താമസിക്കുന്നവർ യഥാർത്ഥ അവകാശികളാണോയെന്നു പരിശോധിച്ച് വില കൊടുത്ത് വാങ്ങി താമസിക്കുന്നവരെയും വളരെക്കാലമായി താമസിക്കുന്നവരെയും കണ്ടെത്തി അവർക്കുകൂടി പട്ടയം നൽകാൻ ശുപാർശ ചെയ്യണമെന്നും നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് ഉടൻതന്നെ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കണമെന്നും ഇതിനായി ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

36. വിഴിഞ്ഞത്തെ മത്സ്യബന്ധന തുറമുഖ നിർമ്മാണം തുടക്കംമുതൽ ഉദ്യോഗസ്ഥതലത്തിൽ മാത്രം ഒതുങ്ങിയതുമൂലം അവിടത്തെ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടതായും ആയതിനാൽ പ്രസ്തുത തുറമുഖവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന ഏതു നടപടികൾ സംബന്ധിച്ചും അവരെ ആദ്യം ബോധവൽക്കരിക്കേണ്ടതുണ്ടെന്നും ഇതിനായി ട്രേഡ് യൂണിയൻ നേതാക്കൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, പാരിഷ്-ജമാഅത്ത് ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി വിശാല ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

37. വിഴിഞ്ഞം ഫിഷിംഗ് ഹാർബറിലെ രണ്ടു വാർഫുകൾക്കിടയിലുള്ള ഖബറിന്റെ സംരക്ഷണം സംബന്ധിച്ച തർക്കമാണ് ഇപ്പോഴത്തെ പ്രധാന തടസ്സങ്ങളി ലൊന്ന് എന്ന് സമിതി കരുതുന്നു. ചുറ്റുമതിൽ നിർമ്മാണത്തിന് നാട്ടുകാർ തടസ്സം നിൽക്കുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ മന്ദീഭവിച്ചതായും സമിതി കണ്ടെത്തി.

38. ഖബർ സംരക്ഷണത്തിനായി രൂപരേഖയുണ്ടാക്കിയപ്പോൾ ജമാഅത്ത് അധികൃതർ ആദ്യം വിസമ്മതിച്ചുവെന്നും തുടർന്ന് അവരുടെ നിർദ്ദേശംകൂടി ഉൾക്കൊള്ളിച്ച് പ്ലാൻ തയ്യാറാക്കി കോൺക്രീറ്റ് പൈലിംഗ് ആരംഭിച്ചുവെങ്കിലും ജമാഅത്ത് ഭാരവാഹികളുടെ എതിർപ്പുകാരണം പണി മുന്നോട്ടുകൊണ്ടുപോകാനാ യില്ലെന്നും ഇപ്പോൾ ഖബറിന് സംരക്ഷണം നിർമ്മിച്ച് നടപ്പാലം പണിയണമെന്നാണ് അവരുടെ ആവശ്യമെന്നും മറുഭാഗത്ത് പാരിഷ് കൗൺസിലും പലതരത്തിലുള്ള തടസ്സങ്ങൾ ഉന്നയിക്കുന്നതിനാൽ ഡ്രഡ്ജിംഗ് നടത്തി വാർഫിന്റെ പണി പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിട്ടുള്ളതെന്നും അറിവായിട്ടുണ്ട്. വിഴിഞ്ഞം ഹാർബറിന്റെ ഭൂമി കാലാകാലങ്ങളായി കൈയേറ്റം ചെയ്യപ്പെട്ടപ്പോൾ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഭൂമി വീണ്ടും കയ്യേറാത്തവിധത്തിൽ ഖബറിന് ഫെൻസിംഗ് നൽകി വാർഫുകളുടെ നിർമ്മാണം ഭാവിയിലേക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ പൂർത്തീകരിക്കണമെന്നും സർക്കാർ ഭൂമികയ്യേറ്റം യാതൊരു കാരണവശാലും അനുവദിക്കരുതെന്നും ഇനി അത്തരം സംഭവങ്ങൾ ആവർത്തിച്ചാൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ജനകീയ കമ്മിറ്റികൾവഴി ഖബർ മാറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൂടി ഇക്കാര്യത്തിൽ പരിശോധിക്കണ മെന്നും സമിതി നിർദ്ദേശിക്കുന്നു.

39. വിഴിഞ്ഞം ഹാർബറിന്റെ നിർമ്മാണവും വികസനവും സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ കാലയാപനത്തിന് കൂടുതൽ ഉണർവ്വേകുമെന്ന വിശാല താത്പര്യം മുൻനിർത്തി കാലാകാലങ്ങളിൽവന്ന സർക്കാരുകൾ കർശന നടപടികളിലൂടെ സമയബന്ധിതമായി പ്രവർത്തിക്കാത്തതുകൊണ്ട് സാമുദായിക ചേരിതിരിവിനും അതിനനുസരിച്ച് വിഭാഗീയ ചിന്തകൾക്കും ഇടം നൽകിയെന്നും ആയത് പദ്ധതി നിർവ്വഹണത്തിൽ അനാവശ്യ കാലവിളംബം ഉണ്ടാക്കിയെന്നും സമിതി കണ്ടെത്തുകയും ഇതു പരിഹരിക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളെയും സംഘടനകളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിച്ച് സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കണമെന്നും ടി യോഗനിർദ്ദേശം സമയബന്ധിതമായി നടപ്പാക്കണമെന്നും ടി യോഗങ്ങൾ കാലാകാലങ്ങളിൽ വിളിച്ചുചേർത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് നാട്ടുകാരുടെ സംശയദൂരീകരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

40. വിഴിഞ്ഞം ഹാർബറിനുസമീപം പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഹോട്ടലുകൾ ഹാർബറിന്റെ വികസനത്തിന് തുരങ്കം വയ്ക്കുന്നതായും വ്യാജപ്രചരണം നടത്തുന്ന തായുമുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിനായി അവരുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41. ഹാർബറിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സം നേരിട്ടതുമൂലം അനുവദിച്ച ഫണ്ട് വിനിയോഗിക്കാൻ സാധിക്കാതെ തിരിച്ചടയ്ക്കേണ്ട സാഹചര്യം ഉണ്ടായതായി സമിതി മനസിലാക്കുന്നു. അതിനാൽ ഹാർബറിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിലുള്ള തടസ്സങ്ങൾ ജനകീയ കമ്മിറ്റിവഴി പരിശോധിച്ച് തീർപ്പാക്കി ടി പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

42. മറ്റു പ്രദേശങ്ങളിൽനിന്നും വരുന്ന തൊഴിലാളികൾ വിഴിഞ്ഞം പ്രദേശത്ത് മത്സ്യബന്ധനം നടത്തി മത്സ്യലേലത്തിനായി എത്തുമ്പോൾ തദ്ദേശീയർക്ക് ലേലഹാളിൽ സ്ഥലം കൊടുക്കാത്തതിനാൽ പിടിക്കുന്ന മത്സ്യം ചീഞ്ഞു പോകുന്നുണ്ടെന്നും ആയത് സംഘർഷത്തിന് വഴിവെയ്ക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നതിനാൽ ജനകീയ കമ്മിറ്റിവഴി പ്രശ്നം പരിഹരിച്ച് ലേലഹാൾ അവർക്കുകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

43. ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജനകീയ കമ്മിറ്റിവഴി പരിഹാരംകണ്ട് ഡ്രഡ്ജിംഗ് നടത്തി ടി മണ്ണുപയോഗിച്ച് തീരങ്ങളെ ബലപ്പെടുത്തി ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തി സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും മത്സ്യം സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തുകയും തന്ത്രപ്രാധാന്യമുള്ള സ്ഥലം ആയതിനാൽ വാച്ച് ടവർ ഉൾപ്പെടെയുള്ള പ്രദേശത്തിന്റെ മതിയായ സുരക്ഷയ്ക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

44. ഫിഷിംഗ് ഹാർബറിന്റെ തുടർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.എഫ്.ഡി.ബി.യിൽനിന്നും റിനോവേഷൻ ഫണ്ട് അനുവദിക്കണമെങ്കിൽ പദ്ധതി ഭാഗികമായെങ്കിലും കമ്മീഷൻ ചെയ്യേണ്ടതുണ്ടെന്നതിനാൽ അതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45. താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലുള്ള ഒരു ആശുപത്രിയും കോസ്റ്റൽ ഏരിയയിൽ ഇല്ലാത്തതിനാൽ പൂവാർ, വിഴിഞ്ഞം, പുല്ലുവിള എന്നീ ഹെൽത്ത് സെന്ററുകളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെയും സ്റ്റാഫിനേയും നിയമിക്കണമെന്നും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

46. വിഴിഞ്ഞം ഫിഷിംഗ് ഹാർബർ യാർഡിലെ കാലപ്പഴക്കംചെന്ന വൈദ്യുതി കേബിളുകൾമാറ്റി മതിയായ ലൈറ്റിംഗ് സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## നീണ്ടകര മത്സ്യബന്ധന തുറമുഖം

47. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയ കുറിപ്പ് ചുവടെ ചേർക്കുന്നു:

"കൊല്ലം ജില്ലയിലെ പ്രധാന മത്സ്യബന്ധന തുറമുഖമാണ് നീണ്ടകര. 1952-ൽ ഇൻഡോ-നോർവീജിയൻ ഫൗണ്ടേഷൻ മത്സ്യബന്ധന-സാമൂഹിക വികസന പദ്ധതിപ്രകാരം നീണ്ടകരയെ തിരഞ്ഞെടുത്തു. 1963-67 കാലയളവിൽ യഥാക്രമം 610-ഉം 380-ഉം മീറ്റർ ദൈർഘ്യമുള്ള സീവാർഡ്, ലീവാർഡ് പുലിമുട്ടുകൾ ഇവിടെ നിർമ്മിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ ഇന്റർമീഡിയറ്റ് പോർട്ട് ഡെവലപ്മെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരമായിരുന്നു നടപടി. മത്സ്യബന്ധനയാനങ്ങൾക്ക് സുരക്ഷിതമായി തീരത്ത് അടുക്കാനും ആരോഗ്യകരമായ രീതിയിൽ ഉല്പന്നവിപണനം നടത്താനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിരുന്നു. മത്സ്യബന്ധനത്തിനുപുറമേ ചരക്ക് നീക്കത്തിനും ഉപയുക്തമായവിധത്തിൽ തുറമുഖം വികസിപ്പിക്കണമെന്ന് 'ഇൻഡോപോൾ' നിർദ്ദേശിക്കുകയുണ്ടായി.

കേന്ദ്ര സർക്കാരിന്റെ ബാംഗ്ലൂരിലുള്ള പ്രീ-ഇൻവെസ്റ്റ്മെന്റ് സർവ്വേ ഓഫ് ഫിഷറി ഹാർബർ (PISFH) വിശദമായ പഠനത്തിന് 1972-ൽ നീണ്ടകരയെ തിരഞ്ഞെടുത്ത് ഫിഷറി ഹാർബർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് പദ്ധതിരേഖയും തയ്യാറാക്കി.

നീണ്ടകര ഫിഷറി ഹാർബർ നിർമ്മാണത്തിനായി 50% കേന്ദ്ര സഹായത്തോടെ 1982-ൽ G.O. (Rt.) No. 44/82/F&PD. തീയതി 14-1-1982 പ്രകാരം 370 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അതിൽ ശക്തികുളങ്ങര ഭാഗത്ത് 98 മീറ്റർ വാർഫിന്റെ നിർമ്മാണമൊഴികെ ബാക്കിയുള്ള പ്രവൃത്തികളെല്ലാംതന്നെ പൂർത്തീകരിച്ച് 1988-ൽ ഹാർബർ ഭാഗികമായി കമ്മീഷൻ ചെയ്തു. നീണ്ടകര/ശക്തികുളങ്ങര ഭാഗങ്ങളിലായി 1988-ൽ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കുകയുണ്ടായി. ആയതിന് 620.08 ലക്ഷം രൂപ ചെലവായിട്ടുള്ളതാണ്:

**നീണ്ടകരഭാഗം**

(1) വാർഫിന്റെ നിർമ്മാണം (425 m)

(2) രണ്ട് ലേലഹാളുകളുടെ നിർമ്മാണം (200X15 m, 216X15 m)

(3) പാർക്കിംഗ് ഏരിയായുടെ നിർമ്മാണം (8260 $m^2$)

(4) വാട്ടർ ടാങ്ക് ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനത്തിന്റെ നിർമ്മാണം.

**ശക്തികുളങ്ങര ഭാഗം**

(1) വാർഫിന്റെ നിർമ്മാണം (407 മീ.)

(2) ജലവിതരണ സംവിധാനത്തിന്റെ നിർമ്മാണം.

ശക്തികുളങ്ങര ഭാഗത്ത് 98 മീറ്റർ വാർഫിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ ക്രമീകരിച്ചുവരുന്നു.

1988-ൽ ഭാഗികമായി കമ്മീഷൻ ചെയ്ത നീണ്ടകര മത്സ്യബന്ധന തുറമുഖത്തിൽ 2006 വരെ കാര്യമായ നവീകരണ പ്രവൃത്തികളൊന്നുംതന്നെ നടന്നിരുന്നില്ല. ഈ സാഹചര്യത്തിൽ ഹാർബറിലെ അടിസ്ഥാന സൗകര്യങ്ങളും ശുചിത്വനിലവാരവും മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കുകയും ആയതിന് നബാർഡ് ധനസഹായത്തോടെ G.O. (Rt.) No. 360/2006/F&PD. തീയതി 3-8-2006 പ്രകാരം 895 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ഇതിലുൾപ്പെട്ട പ്രവൃത്തികൾ 17-4-2007-ൽ ആരംഭിക്കുകയും താഴെപ്പറയുന്ന പ്രവൃത്തികൾ തൃപ്തികരമായി 31-3-2010-ൽ പൂർത്തീകരിക്കുകയുമുണ്ടായി:

**ശക്തികുളങ്ങര ഭാഗം**

(1) 4000-ത്തോളം ചതുരശ്ര വിസ്തൃതിയിൽ പാർക്കിംഗ് ഏരിയ

(2) ലാവട്ടറി ബ്ലോക്ക്

(3) 5920 ചതുരശ്ര മീറ്റർ വീതം അളവുള്ള രണ്ട് ലേലഹാളുകൾ

(4) 30 കടകൾ അടങ്ങുന്ന ഷോപ്പിംഗ് കോംപ്ലക്സ്

(5) ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള ബയോവേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്

(6) 16 ലോക്കർ മുറികൾ

(7) സെക്യൂരിറ്റി റൂം

(8) ഇൻഫർമേഷൻ സെന്റർ

(9) ഹാർബറിന് ചുറ്റും ചുറ്റുമതിൽ.

**നീണ്ടകര ഭാഗം**

(1) ഹാർബറിന് ചുറ്റും ചുറ്റുമതിൽ

(2) പുതിയ ഓടയുടെ നിർമ്മാണവും നിലവിലുണ്ടായിരുന്ന ഓടയുടെ നവീകരണവും

(3) ബയോവേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്

(4) ഹാർബർ ബേയ്സിനിലെ ഡ്രഡ്ജിംഗ്

(5) ലേലപ്പുരകളുടെ നവീകരണം

(6) ലാവട്ടറി ബ്ലോക്ക്

(7) രണ്ട് സെക്യൂരിറ്റി റൂം

(8) ഇരുപത് കടകൾ വീതമുള്ള രണ്ട് ഷോപ്പിംഗ് സമുച്ചയങ്ങളുടെ നിർമ്മാണം

(9) പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ എന്നിവയുടെ പുനരുദ്ധാരണം.

ടി പ്രവൃത്തികൾക്ക് പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി 886.13 ലക്ഷം രൂപ ചെലവായിട്ടുള്ളതാണ്.

തുടർന്ന് നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യങ്ങൾ യൂറോപ്യൻ യൂണിയൻ നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി മെച്ചപ്പെടുത്തുന്നതിലേക്കായി പ്രസ്തുത ഹാർബറിലെ പുനരുദ്ധാരണ/നവീകരണ പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു പ്രോജക്ട് റിപ്പോർട്ട് NFDB-യ്ക്ക് സമർപ്പിക്കുകയുണ്ടായി. ടി പ്രോജക്ടിന് 14-9-2010-ൽ NFDB-യിൽ ഉൾപ്പെടുത്തി NFDB/CMF/FH & LC/M-3/2010-11 നമ്പർ ഉത്തരവുപ്രകാരം 1003 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ഇതിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾ ക്രമീകരിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണ്:

**നീണ്ടകര ഭാഗം**

(1) ലോഡിംഗ് ഏരിയായുടെ നവീകരണം

(2) ഒന്നാം നമ്പർ ലേലഹാളിന്റെ നവീകരണം

(3) രണ്ടാം നമ്പർ ലേലഹാളിന്റെ തറയുടെയും മേൽക്കൂരയുടെയും നവീകരണം

(4) ആന്തരിക റോഡിന്റെയും വാർഫിലേക്കുള്ള അപ്രോച്ച് റോഡിന്റെയും നവീകരണം

(5) പാർക്കിംഗ് ഏരിയായുടെ ശുചിത്വ നിലവാരം മെച്ചപ്പെടുത്തൽ

(6) പായ്ക്കിംഗ് ഷെഡ്ഡിന്റെ പുനരുദ്ധാരണം

(7) ഡ്രെയിനിന്റെ പുനരുദ്ധാരണം

(8) രണ്ടാം നമ്പർ ലേലപ്പുരയുടെ മുമ്പിലുള്ള വാർഫിന്റെ പുനരുദ്ധാരണം

(9) ജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണം

(10) പുതിയ ഓടയുടെ നിർമ്മാണവും നിലവിലുണ്ടായിരുന്ന ഓടയുടെ നവീകരണവും.

**ശക്തികുളങ്ങര ഭാഗം**

(1) ലോഡിംഗ് ഏരിയായുടെ നവീകരണം

(2) ലേലഹാളുകളുടെ നവീകരണം

(3) വാർഫിന്റെ നവീകരണം.

എന്നാൽ പ്രസ്തുത സ്കീമിൽ ഉൾപ്പെട്ട നീണ്ടകരയിലെയും ശക്തികുളങ്ങരയിലെയും ഐസ് യൂണിറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തികൾക്കായി നാളിതുവരെയായി 801.28 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

നീണ്ടകര ഫിഷിംഗ് ഹാർബറിലെ നീണ്ടകര ബേയ്സിനിൽ Bathemetry Survey പ്രകാരം സിൽറ്റേഷൻ കൂടുതലായതിനാൽ പ്രസ്തുത ബേയ്സിനിന്റെ ആഴം-3.00 മീറ്റർവരെ കൊണ്ടുവരുന്നതിലേക്കായി ഡ്രഡ്ജിംഗിനുവേണ്ടി ഒരു പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ആയതിന് 50% കേന്ദ്ര സഹായത്തോടെ G.O. (Rt.) No. 522/2012/F&PD. തീയതി 16-6-2012 പ്രകാരം 180 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തി ക്രമീകരിച്ച് പുരോഗമിച്ചുവരുന്നു.

നീണ്ടകര മത്സ്യബന്ധന തുറമുഖത്തെ നീണ്ടകര ഭാഗത്തെ 610 മീറ്റർ നീളംവരുന്ന പുലിമുട്ടുകൾ 1963-67 കാലഘട്ടത്തിൽ നിർമ്മിച്ചിട്ടുളളവയാണ്. 2004 ഡിസംബർ മാസത്തിലെ സുനാമിക്കുപുറമേ കടൽക്ഷോഭവും കാലവർഷക്കെടുതിയും മുഖേന പുലിമുട്ട് പൂർണ്ണമായും തകർന്നുകൊണ്ടിരിക്കുകയാണ്. ഇത് മത്സ്യബന്ധന യാനങ്ങൾക്ക് ഹാർബറിൽ പ്രവേശിക്കുന്നതിന് ഭാവിയിൽ തടസ്സമുണ്ടാകുമെന്നതിനാൽ പ്രസ്തുത പുലിമുട്ടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കായി ഒരു പ്രോജക്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഈ പ്രോജക്ടിന് നബാർഡ് ധനസഹായത്തോടെ G.O. (MS.) No. 58/2013/F&PD. നമ്പർപ്രകാരം 13-9-2013-ൽ 1090 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ടി പ്രവൃത്തി ക്രമീകരിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചുവരുന്നു.

നീണ്ടകര ഹാർബറിന്റെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നാളിതുവരെ 2500 ലക്ഷം രൂപയോളം ചെലവായിട്ടുള്ളതാണ്.

നീണ്ടകര ഫിഷിംഗ് ഹാർബറിൽ 2013 നവംബർവരെ 21.40 കോടി രൂപയുടെ റവന്യൂ കളക്ഷൻ ലഭ്യമായിട്ടുണ്ട്."

48. നീണ്ടകര ഫിഷിംഗ് ഹാർബറിനെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ശക്തികുളങ്ങര ഭാഗത്ത് സ്ഥലം ലഭ്യമാക്കാത്തതിനാൽ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന 98 മീറ്റർ നീളമുള്ള വാർഫിന്റെ നിർമ്മാണം ഏർപ്പാടാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ആവശ്യത്തിലേക്കായി 25.40 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുളളതും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുളളതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ശക്തികുളങ്ങര ഹാർബർ പ്രവൃത്തികൾ പൂർത്തിയാക്കി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് പ്രസ്തുത സ്ഥലം ഏറ്റെടുത്ത് വാർഫിന്റെ നിർമ്മാണം ത്വരിതപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ വാർഫിന്റെ നിർമ്മാണം നടത്തുന്നതിനുവേണ്ട സ്ഥലം ഏറ്റെടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

49. ശക്തികുളങ്ങരയിൽ യൂറോപ്യൻ യൂണിയൻ മാനദണ്ഡങ്ങൾ അനുസരിച്ച് ചെമ്മീൻ പീലിംഗ് ഷെഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും സ്ത്രീത്തൊഴിലാളികൾ ഹാർബറിന്റെ പരിസരപ്രദേശത്തുവച്ചുതന്നെയാണ് പീലിംഗ് നടത്തുന്നത്. പീലിംഗ് ഷെഡ്ഡിൽ യൂസർ ഫീസായി ഒരു കിലോഗ്രാം മീനിന് 2 രൂപ നിരക്കിൽ നൽകണമെന്നതിനാലും അവിടെനിന്നുകൊണ്ടുമാത്രം ജോലി ചെയ്യാൻ സൗകര്യമുള്ളു എന്നത് പ്രായംചെന്ന തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാലും മത്സ്യത്തൊഴിലാളികൾ ഹാർബറിന്റെ പരിസരത്ത് വൃത്തിഹീനമായ അന്തരീക്ഷത്തിൽ വച്ചുതന്നെ പീലിംഗ്

പ്രവൃത്തി ചെയ്തുവരുന്നു. വൃത്തിയില്ലാത്ത സാഹചര്യത്തിൽ പീലിംഗ് നടത്തി കയറ്റുമതി ചെയ്യുന്ന ചെമ്മീൻ വിദേശരാജ്യങ്ങൾ ചിലപ്പോൾ നിരാകരിക്കാൻ സാദ്ധ്യതയുള്ളതിനാൽ മത്സ്യം വളരെ ശുചിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ഹാർബറിന്റെ തുറസ്സായ പരിസരപ്രദേശങ്ങളിൽവെച്ച് ചെമ്മീൻ പീലിംഗ് നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതും യൂസർ ഫീ നിരക്ക് കിലോഗ്രാമിന് ഒരു രൂപയായി കുറച്ചുകൊണ്ടും പീലിംഗ് ഷെഡ്ഡിൽ ഇരുന്നുകൊണ്ട് ജോലി ചെയ്യുന്നതിന് സൗകര്യം ഒരുക്കിക്കൊണ്ടും മുഴുവൻ തൊഴിലാളികളെയും പീലിംഗ് ഷെഡ്ഡിനുള്ളിലേക്ക് മാറ്റുന്നതിനും മത്സ്യവിപണനത്തിലും സംസ്കരണത്തിലും കയറ്റുമതിയിലും ഗുണമേന്മ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പ്രാദേശിക കമ്മിറ്റി രൂപീകരിക്കണമെന്നും തൊഴിലാളികളെ പീലിംഗ് പ്രവൃത്തിക്കായി ഷെഡ്ഡിനുള്ളിലേക്ക് മാറ്റുന്നതിനുമുമ്പ് അവർക്ക് മതിയായ ബോധവൽക്കരണം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

50. നീണ്ടകര തുറമുഖത്ത് ബോട്ട്-വള്ളം തൊഴിലാളികൾ തമ്മിൽ നിരന്തരം സംഘർഷം ഉണ്ടാകാറുണ്ട്. ചരക്ക് ഇറക്കിക്കഴിഞ്ഞശേഷം വള്ളങ്ങൾ മാറ്റികൊണ്ടു പോകുന്നതിന് സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാൽ ബോട്ടുകൾക്ക് അടുക്കാൻ പറ്റാത്ത സാഹചര്യമാണ് നിലനില്ക്കുന്നത്. വള്ളങ്ങൾക്കും ബോട്ടുകൾക്കും അടുക്കാൻ വെവ്വേറെ സ്ഥലം ഉണ്ടെങ്കിലും വള്ളങ്ങളുടെ എണ്ണം കൂടുതലായതിനാൽ വള്ളക്കാർ സ്ഥലപരിമിതിമൂലം വള്ളം മാറ്റിക്കൊടുക്കാറില്ല. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ബോട്ടുകൾക്കും വള്ളങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ ബെർത്തിംഗ് പ്ലേസ് സജ്ജീകരിക്കുന്നതിന് നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

51. സമിതിക്ക് ലഭ്യമായ വിവരം അനുസരിച്ച് ഹാർബറിൽനിന്നും ഇതുവരെ 21.40 കോടി രൂപയുടെ റവന്യൂ കളക്ഷൻ ലഭ്യമായിട്ടുണ്ട്. ഹാർബറിൽനിന്ന് ലഭിക്കുന്ന വരുമാനം ഹാർബറിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. തദ്ദേശവാസികളായ തൊഴിലാളികൾക്കുമാത്രമെ അവിടത്തെ പ്രശ്നങ്ങൾ അടുത്തറിയാനും അവതരിപ്പിക്കാനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കാനും കഴിയുകയുള്ളു എന്നതിനാൽ വിവിധ തലത്തിലുള്ള യൂണിയൻ പ്രതിനിധികളും ബോട്ടുടമകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധിയും ഉൾപ്പെടുന്ന ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ച് ഹാർബറുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം, അടിയന്തരമായ അറ്റകുറ്റപ്പണികൾ, ശുചിത്വ നിലവാരം മെച്ചപ്പെടുത്താനുള്ള സംവിധാനം തുടങ്ങിയവ ഹാർബറിന്റെ വരുമാനം ഉപയോഗിച്ച് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

52. നീണ്ടകര ഫിഷിംഗ് ഹാർബറിലെ ബെയ്സിനിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനായി ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണ്ണ് ഹാർബറിലെ കളങ്ങളിൽ നിക്ഷേപിക്കുകയും പൊതുജനങ്ങൾക്ക് ക്യൂബിക് മീറ്ററിന് 30 രൂപാനിരക്കിൽ വില്പന നടത്തുകയുമാണ് ചെയ്തുവന്നിരുന്നത്. എന്നാൽ നിലവിൽ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് ക്യൂബിക് മീറ്ററിന് 1,404 രൂപയ്ക്ക് നൽകുന്നു. പ്രസ്തുത സ്ഥാപനം യഥാസമയം കരാർ വെച്ച് മണ്ണ് നീക്കം ചെയ്യാത്തതിനാൽ കളങ്ങൾ നിറയുന്നതായും തുടർന്ന് ഡ്രഡ്ജിംഗ് നടത്താൻപറ്റാത്ത അവസ്ഥ സംജാതമാകുന്നതായും സമിതി മനസ്സിലാക്കുന്നു. ഇൽമനൈറ്റ് കൂടുതലുള്ള മണ്ണായതുകൊണ്ട് പൊതുജനങ്ങൾക്ക് വില്ക്കാൻ സാധിക്കാത്തതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളെ കൊണ്ട് മണ്ണ് അടിയന്തരമായി നീക്കം ചെയ്ത് ഡ്രഡ്ജിംഗ് നടത്താനുള്ള സാഹചര്യം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

53. അഷ്ടമുടിക്കായലിൽ അടക്കംകൊല്ലി വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ഗുണമേന്മയുള്ള മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്നതിന് കാരണമാകുന്നു. മത്സ്യസമ്പത്തിന്റെ ലഭ്യത കുറയുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം ഉപേക്ഷിച്ച് മറ്റു ജോലികളിൽ ഏർപ്പെടുന്നതിന് നിർബന്ധിതരാകുന്നു. ആയതിനാൽ അടക്കംകൊല്ലി വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിക്കണമെന്നും വകുപ്പ് ഇക്കാര്യത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

54. ശക്തികുളങ്ങര ഹാർബറിൽ ക്ലീനിംഗ് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൃത്യമായി വേതനം ലഭിക്കുന്നില്ലെന്ന പരാതി സമിതി മുമ്പാകെ ഉയർന്നുവന്നു. അവർക്ക് കൃത്യമായി വേതനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

55. നീണ്ടകര, ശക്തികുളങ്ങര ഹാർബറുകളിലെ പെട്ടിക്കടകൾ ഒഴിപ്പിച്ച് നബാർഡ് ധനസഹായത്തോടെ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റുന്നത് സംബന്ധിച്ച് 10-5-2013-ൽ ഇറങ്ങിയ ഉത്തരവിൽ മിൽമാ ബൂത്ത്, പാൻ ഷോപ്പ്, ടെലഫോൺ ബൂത്ത് എന്നിവയുമായി ബന്ധപ്പെട്ട് തീരുമാനമായില്ലെന്നും ഇവരെകൂടി ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റിയെങ്കിൽ മാത്രമെ 27-7-2013-ലെ നറുക്കെടുപ്പിലൂടെ കടകൾ അനുവദിക്കപ്പെട്ടവർ അവിടേക്ക് മാറുകയുള്ളൂ എന്നും സമിതിക്ക് ബോധ്യമായി. അതിനാൽ ഹാർബറുകളിലുള്ള മിൽമാ ബൂത്ത്, ടെലഫോൺ ബൂത്ത്, പാൻ ഷോപ്പ് എന്നിവയ്ക്കുകൂടി കടകൾ അനുവദിച്ച് അവ ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

56. ശക്തികുളങ്ങരയിൽ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ അവിടെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം അനുവദിക്കുന്നതിന് സത്വര നടപടിയുണ്ടാകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

57. തീരദേശവാസികളുടെ ഉപയോഗാർത്ഥം തങ്കശ്ശേരിയിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം നിർമ്മിച്ചുവെങ്കിലും ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാൽ അവർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മതിയായ ജീവനക്കാരെ നിയമിച്ച് സ്ഥാപനത്തിന്റെ പ്രയോജനം തദ്ദേശവാസികൾക്ക് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ചികിൽസാ സഹായ പദ്ധതി നിലവിലുള്ളതിനാൽ ഇ.എസ്.ഐ. ആനുകൂല്യം അനുവദിക്കുന്നില്ല. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം നഷ്ടപ്പെടുത്താതെ ഈ വിഭാഗം ജനങ്ങളെ ഇ. എസ്. ഐ. ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞ് തുടർനടപടി സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

## ചേറ്റുവ മത്സ്യബന്ധന തുറമുഖം

59. ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയ കുറിപ്പ് ചുവടെ ചേർക്കുന്നു:

"തൃശ്ശൂർ ജില്ലയിലെ ചേറ്റുവ പുഴയുടെ അഴിമുഖത്താണ് ചേറ്റുവ ഫിഷിംഗ് ഹാർബർ നിർമ്മാണം നടക്കുന്നത്. ചേറ്റുവ പ്രദേശത്തെ മത്സ്യസമ്പത്ത് മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുന്നതിന്, ചേറ്റുവ പുഴയുടെ പടിഞ്ഞാറുവശത്ത് മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുകയും 1984-ൽ ആയത് കമ്മീഷൻ ചെയ്യുകയും ചെയ്തു. എന്നാൽ ടി പ്രദേശത്തേക്ക് ധാരാളം മത്സ്യത്തൊഴിലാളികൾ വരാൻ തുടങ്ങുകയും മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിൽ സൗകര്യം തികയാതെ വന്നപ്പോൾ, പുഴയുടെ കിഴക്കുവശത്ത് അഴിമുഖത്തോട് ചേർന്ന് ചേറ്റുവ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുകയും 1994-ൽ ആയത് കമ്മീഷൻ ചെയ്യുകയും ചെയ്തു.

അഴിമുഖത്ത് എല്ലാ കാലവർഷത്തിലും ഉണ്ടാകുന്ന മണൽത്തിട്ട കാരണം മത്സ്യയാനങ്ങൾക്ക് അപകടം ഉണ്ടാകുന്നതുകൊണ്ട് അഴിമുഖം പുലിമുട്ടുകൾ നിർമ്മിച്ച് സംരക്ഷിക്കണമെന്ന ആവശ്യമുയരുകയും, കൂടാതെ വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന മത്സ്യഇനങ്ങൾ കൂടുതൽ ചേറ്റുവയിൽ ഉള്ളതുകാരണം അവ ലേലം/കൈകാര്യം ചെയ്യുന്നതിന് യൂറോപ്യൻ യൂണിയൻ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടത് അനിവാര്യമായതിനാലും ചേറ്റുവ ഫിഷ് ലാന്റിംഗ് സെന്റർ ഒരു ഫിഷിംഗ് ഹാർബർ ആയി ഉയർത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചെന്നൈ ഐ. ഐ. റ്റി. മുഖേന മാതൃകാ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 3024 ലക്ഷം രൂപയ്ക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ടി പദ്ധതിക്ക് 75% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 33014/2008/FY(H) തീയതി 26-2-2010 പ്രകാരം 3024 ലക്ഷം രൂപയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും തുടർന്ന് ജി.ഒ.(എംഎസ്.)നമ്പർ 26/10/മ.തു.വ. തീയതി 7-4-2010-ൽ സംസ്ഥാന സർക്കാരിൽനിന്നും ഭരണാനുമതി ലഭിക്കുകയുണ്ടായി. ടി പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്.

515 മീറ്റർ വടക്കേ പുലിമുട്ട്, 394 മീറ്റർ തെക്കേ പുലിമുട്ട്, രണ്ട് പുലിമുട്ടിലേക്കുംകൂടി 6200 മീറ്റർ റോഡ് 60 മീറ്റർ നീളത്തിൽ വാർഫ്, 675 ചതുരശ്ര മീറ്റർ ലേലപ്പുര, നിലവിലുള്ള ലേലപ്പുരയുടെ പുനരുദ്ധാരണം, ഇടറോഡ്, പാർക്കിംഗ് ഏരിയ, നെറ്റ് മെന്റിംഗ് ഷെഡ്, ലോക്കർ റൂം, ഗിയർ ഷെഡ്, വർക്ക്ഷോപ്പ്, ടോയ്ലെറ്റ് ബ്ലോക്ക്, ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ, ഇലക്ട്രിഫിക്കേഷൻ മുതലായ ഘടകങ്ങളാണ് ഹാർബറിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി 3 വർഷമാണ്.

മുഖ്യഘടകങ്ങളായ പുലിമുട്ടുകളുടെ നിർമ്മാണം, അപ്രോച്ച് റോഡ്, വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണത്തിനായി 1724 ലക്ഷം (2009-എസ്.ഒ.ആർ.) രൂപയ്ക്ക് സാങ്കേതികാനുമതി 8-4-2010-ൽ നൽകി 19-5-2010 അവസാന തീയതിയായി പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചു (ഡബിൾ കവർ സിസ്റ്റം). ആറ് പ്രീ-ക്വാളിഫിക്കേഷൻ ദർഘാസ് ലഭിച്ചതിൽ, പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റി 7-7-2010-ന് 3 കരാറുകാരെ അംഗീകരിച്ചു. ഇവരിൽ 45% എസ്റ്റിമേറ്റ് നിരക്കിന് മുകളിൽ രേഖപ്പെടുത്തിയ കരാറുകാരന്റെ നിരക്കാണ് കുറഞ്ഞനിരക്ക്. ടിയാളുടെ ദർഘാസിന് സർക്കാർ G.O. (Rt.) No. 890/10/F&PD. തീയതി 10-11-2010 പ്രകാരം 19% എസ്റ്റിമേറ്റ് നിരക്കിന് മുകളിൽ ഏർപ്പാടാക്കുന്നതിന് അംഗീകാരം നൽകി. എന്നാൽ 19% എസ്റ്റിമേറ്റ് നിരക്കിന് മുകളിൽ പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരൻ തയ്യാറായില്ല. പിന്നീട് എസ്റ്റിമേറ്റ് അപ്പോൾ നിലവിലുണ്ടായിരുന്ന 2010 ഷെഡ്യൂൾ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ 27.23% മാത്രമേ അധികരിക്കുന്നുള്ളൂ എന്ന് സർക്കാരിനെ അറിയിച്ചതനുസരിച്ച് ജി.ഒ.(ആർറ്റി.) നമ്പർ 35/11/എഫ്.&പി.ഡി. തീയതി 12-1-2011 പ്രകാരം 27.23% എസ്റ്റിമേറ്റ് നിരക്കിനു മുകളിൽ പ്രവൃത്തി നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകി. 3-2-2011 കരാർ വച്ച് പ്രവൃത്തി ആരംഭിച്ചു. പ്രവൃത്തി ഏർപ്പാടാക്കുന്നതിന്റെ ടെണ്ടർ നടപടികൾക്കും ടെണ്ടർ അനുമതിക്കും മറ്റുമായി 10 മാസം കാലതാമസം വന്നിട്ടുണ്ട്.

പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ വടക്കേ പുലിമുട്ടിൽ ചെയിനേജ് 300 മുതൽ ചെയിനേജ് 400 മീറ്ററിൽ ചെറിയ സിങ്കേജ് കാണപ്പെടുകയും കരാറുകാരൻ അത് യഥാസമയം റെക്ടിഫൈ ചെയ്യുകയുമുണ്ടായി. എന്നാൽ 12-4-2013-ൽ വടക്കേ പുലിമുട്ടിൽ ചെയിനേജ് 310 മുതൽ 340 മീറ്റർവരെ ഗ്രാജ്വൽ സിങ്കേജും ചെയിനേജ് 340 മുതൽ 400 മീറ്റർവരെ 3 മീറ്ററോളം ആഴത്തിൽ സിവിയർ സിങ്കിംഗ് തെക്കേ പുലിമുട്ടിൽ ചെയിനേജ് 270 മീറ്റർമുതൽ 310 മീറ്റർവരെ ഗ്രാജ്വൽ സിങ്കേജും ചെയിനേജ് 310 മീറ്റർമുതൽ 335 മീറ്റർവരെ സിവിയർ സിങ്കേജ് ഉണ്ടായതായി കാണപ്പെടുകയും, തുടർന്ന് രണ്ട് പുലിമുട്ടിലേയും പ്രവൃത്തി നിർത്തിവച്ചും തുടർന്ന് സിങ്കേജ് സംഭവിച്ച ഭാഗത്ത് പഠനത്തിനായി ബോർ ഹോൾ എടുക്കുകയും ആയത് തൃശൂർ എഞ്ചിനീയറിംഗ് കോളേജിനെ ഏല്പിച്ച് പഠനം നടത്തുകയും ചെയ്തു.

അവരുടെ പഠന റിപ്പോർട്ടുപ്രകാരം സിങ്കേജിനുകാരണം കടലിന്റെ അടിത്തട്ടിലെ മണ്ണിന്റെ ബലക്കുറവാണ്. മൺസൂൺ കാലത്തിനുശേഷം റിപ്ലനിഷ്മെന്റ് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. മൺസൂൺമൂലം റിപ്ലനിഷ്മെന്റ് നടത്തുന്നതിന് 8 മാസം കാലതാമസം വന്നു. പിന്നീട് വീണ്ടും വടക്കേ പുലിമുട്ടിൽ ചെയിനേജ് 240 മീറ്റർമുതൽ 300 മീറ്റർവരെ ചെറിയ സിങ്കേജും ചെയിനേജ് 300 മീറ്റർമുതൽ 400 മീറ്റർവരെ സിവിയർ സിങ്കേജും കാണപ്പെട്ടു. തുടർന്ന് 6/13-ലും സിങ്കേജ് സംഭവിച്ചു. തുടർന്ന് പ്രവൃത്തി വീണ്ടും നിർത്തിവച്ചു.

ടി പ്രവൃത്തിയുടെ മാതൃകാപഠനം നടത്തിയ ഏജൻസിയെ (ഐ.ഐ.റ്റി., ചെന്നൈ) സിങ്കേജ് സംബന്ധിച്ച് വിശദമായ പഠനം നടത്താൻ ഏർപ്പെടുത്തി ഐ. ഐ. റ്റി.യിൽനിന്നും വിദഗ്ദ്ധർ ഹാർബർ സന്ദർശിക്കുകയും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് ലഭിച്ചതിനുശേഷം 21-10-2013-ൽ പ്രവൃത്തി ആരംഭിച്ചു. ഇവിടെ 4-5 മാസം കാലതാമസം ഉണ്ടായി. പുലിമുട്ടുകൾക്കുണ്ടാകുന്ന സിങ്കേജ് കുറയ്ക്കുന്നതിന് അധികമായി 6 മീറ്റർ വീതിയിൽ വടക്കേ പുലിമുട്ടിൽ ചെയിനേജ് 400 മുതലും തെക്കേ പുലിമുട്ടിൽ ചെയിനേജ് 344 മുതലും പുലിമുട്ടുകളുടെ ഇരുവശത്തും berm നിർമ്മിക്കുന്നതിന് ഐ. ഐ. റ്റി. റിപ്പോർട്ട് നൽകി. അധികമായി ബേം നിർമ്മിക്കുന്നതിനാവശ്യമായ കല്ലുകളുടെ ക്വാളിറ്റികൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ഇതുപ്രകാരം എസ്റ്റിമേറ്റ് 17.84% അധികംവരുന്നു.

ബാക്കി ഘടകങ്ങളിൽ ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയ, ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. നെറ്റ് മെന്റിംഗ് ഷെഡ്, ഗിയർ ഷെഡ്, വർക്ക്ഷോപ്പ് ബിൽഡിംഗ്, ഷോപ്പ് ബിൽഡിംഗ്, ലോക്കർ റൂം, പി. എച്ച്. വാട്ടർ ടാങ്ക് & വാട്ടർ സപ്ലൈ എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. നിലവിലുള്ള ലേലപ്പുര പുതുക്കിപ്പണിയുന്ന പ്രവൃത്തി, കോമ്പൗണ്ട് വാൾ, ഗേറ്റ് ഹൗസ് എന്നീ പ്രവൃത്തികളുടെ ദർഘാസ് അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ്, എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഇലക്ട്രിഫിക്കേഷൻ, ഗ്രീൻ ബെൽറ്റ്, നാവിഗേഷണൽ എയ്ഡ്സ് എന്നീ പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവരെ പ്രവൃത്തികൾക്കായി 1884.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (75% of 3024) 2268 ലക്ഷം രൂപയിൽ 1500 ലക്ഷം രൂപയുടെ കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്."

60. ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ, ബ്രേക്ക്‌വാട്ടറിന്റെ നിർമ്മാണ ഘട്ടത്തിൽ സിങ്കേജ് പ്രശ്നം ശ്രദ്ധയിൽപ്പെട്ടതിനാൽ ഡിസൈനിൽ മാറ്റം വരുത്തിയതായും പദ്ധതിച്ചെലവിൽ 18 ശതമാനം വർദ്ധനവ് ഉണ്ടായതായും ചെന്നൈയിലെ ഐ.ഐ.ടി. ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം പ്രവൃത്തി പുരോഗമിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ചേറ്റുവ മത്സ്യബന്ധനതുറമുഖത്തിന്റെ മാതൃകാപഠനം ചെന്നൈ ഐ.ഐ.ടി. മുഖേന നടത്തിയപ്പോൾ സിങ്കേജ് സാദ്ധ്യത മുൻകൂട്ടി കാണാതിരുന്നതും നിർമ്മാണഘട്ടത്തിൽ സിങ്കേജ് പ്രശ്നപരിഹാരത്തിനായി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിനെ ഏർപ്പെടുത്തിയതും അവരുടെ നിർദ്ദേശം

ഫലവത്താകാതെവന്നപ്പോൾ വീണ്ടും ഐ.ഐ.ടി.യെത്തന്നെ സമീപിച്ചതും മാതൃകാ പഠനവേളയിൽത്തന്നെ സിങ്കേജുപോലെ പ്രാധാന്യമുള്ള വിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധചെലുത്തിയില്ലെന്ന് വ്യക്തമാക്കുന്നു. ഇക്കാര്യത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അതിനാൽ എല്ലാ ഫിഷിംഗ് ഹാർബറുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് മുന്നോടിയായുള്ള പ്രാഥമിക പഠനവേളയിൽത്തന്നെ ഫലപ്രദവും വിശദവുമായ അപഗ്രഥനം നടത്തണമെന്നും പ്രവൃത്തികൾ ആരംഭിച്ചശേഷം ഡിസൈനിലും മറ്റും മാറ്റം വരുത്തേണ്ടിവരുന്ന രീതി പരമാവധി ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

61. ചേറ്റുവ ഫിഷിംഗ് ഹാർബറിൽ അപ്രോച്ച് റോഡിനെ ബ്രേക്ക്‌വാട്ടറുമായി ബന്ധിപ്പിക്കുന്ന സി.എസ്. ഗോപാലൻ റോഡും ബ്രേക്ക്‌വാട്ടറും പൂർണ്ണമായും തകർന്നുകിടക്കുകയാണെന്നും അവയുടെ പുനർനിർമ്മാണത്തിന് താമസം നേരിടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. റോഡിന്റെ പുനർനിർമ്മാണം മത്സ്യമേഖലയെ സംബന്ധിച്ചിടത്തോളം അടിയന്തര പ്രാധാന്യം അർഹിക്കുന്നതിനാൽ അതിന്റെ പ്രവൃത്തി എത്രയുംവേഗം ആരംഭിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഫിഷറീസ് വകുപ്പിന്റെ പരിധിയിൽ ചെലവഴിക്കാവുന്ന തുക വിനിയോഗിച്ചുകൊണ്ട് അടിയന്തരമായി റോഡിന്റെ പുനർനിർമ്മാണം നടത്തുന്നതിനും ശേഷിക്കുന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച് ഇ-ടെണ്ടർ മുഖേന പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

62. ചേറ്റുവ മത്സ്യബന്ധന തുറമുഖ പ്രദേശം മത്സ്യബന്ധനത്തിന് ഏറെ സാദ്ധ്യതകളുള്ള സമുദ്രഭാഗമാണെന്നും പ്രസ്തുത മേഖലയിൽ പ്രകൃത്യാലുള്ള മണൽത്തിട്ടകൾ രൂപപ്പെടുന്നതായും അതിൽതട്ടി വള്ളങ്ങൾ മറിഞ്ഞ് ദുരന്തങ്ങൾ ഉണ്ടാകുന്നത് സർവ്വസാധാരണമാണെന്നും ഇപ്രകാരം ധാരാളം മത്സ്യത്തൊഴിലാളികളുടെ ജീവൻ പൊലിഞ്ഞിട്ടുണ്ടെന്നും മണൽത്തിട്ടകൾ നീക്കം ചെയ്യുന്നതിന് യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ലെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഡ്രഡ്ജിംഗ് കാര്യക്ഷമമായി നടത്താൻ കഴിയാത്തത് എല്ലാ തുറമുഖങ്ങളുടെയും പ്രശ്നമാണ്. ആയതിനാൽ ശാസ്ത്രീയമായി വിശദപഠനം നടത്തി സമുദ്രാന്തർഭാഗത്ത് രൂപം കൊള്ളുന്ന മണൽത്തിട്ടകൾ യഥാസമയം ഡ്രഡ്ജിംഗ് നടത്തി നീക്കം ചെയ്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

63. ചേറ്റുവ ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജിംഗ് പ്രവൃത്തി സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനാണ് ചെയ്തതെന്നും സ്ഥലം കൈമാറ്റം സംബന്ധിച്ച് ഒരു കേസ് നിലനില്ക്കുന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ തീരുമാനം വരേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ഒരു എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സമിതിക്ക് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ സർക്കാർ തീരുമാനം അടിയന്തരമായി ഉണ്ടാകേണ്ടതിനാൽ കേസുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

64. തൃശ്ശൂർ ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഓഫീസുകളൊന്നും നിലവിലില്ല എന്ന് സമിതി മനസ്സിലാക്കുന്നു. മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ ഒരു ഓഫീസ് സ്ഥാപിച്ച് മതിയായ ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

65. കടൽക്ഷോഭസമയത്ത് അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി ജീവൻരക്ഷാ ബോട്ടുകളുടെ സേവനം യഥാസമയം ലഭ്യമാകുന്നില്ലെന്ന പരാതി വ്യാപകമായി ഉയർന്നുവരുന്നുണ്ട്. മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ കീഴിൽ 3 ബോട്ടുകൾ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ എന്നീ ഫിഷിംഗ് സ്റ്റേഷനുകളിലായി നൽകിയിട്ടുണ്ടെങ്കിലും അതിൽ രണ്ടെണ്ണം കേടായിക്കിടക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ട്രോളിംഗ് നിരോധനകാലത്ത് ബോട്ടുകൾ വാടകയ്ക്ക് എടുക്കുകയോ മറ്റു സ്റ്റേഷനുകളിൽനിന്ന് വരുത്തുകയോ ആണ് ചെയ്യാറുള്ളത്. ആയതിനാൽ കേടായി കിടക്കുന്ന ബോട്ടുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും അടിയന്തരഘട്ടത്തിലെ ഉപയോഗത്തിനായി ചേറ്റുവ ഫിഷിംഗ് ഹാർബറിനുവേണ്ടി ഒരു ജീവൻരക്ഷാ ബോട്ട് വാങ്ങുന്നതിനും അത് ഓടിക്കുന്നതിനാവശ്യമായ പരിശീലനം ലഭിച്ച ലൈസൻസുള്ള ബോട്ടു ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ വാടകയ്ക്ക് എടുക്കുന്ന ബോട്ടുകൾ പരിശോധിച്ച് അവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

66. മത്സ്യബന്ധന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗിച്ചുകൊണ്ടിരുന്ന തീരപ്രദേശം നിലവിൽ സ്വകാര്യ വ്യക്തികൾ കൈയേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് വളരെ ഗൗരവമുള്ള പ്രശ്നമായി സമിതി കാണുന്നു. ഒരു സ്ഥലത്ത് കടൽ ഒഴിഞ്ഞു പോകുകയും മറ്റൊരിടത്ത് കടൽ കയറുകയും ചെയ്യുന്ന പ്രതിഭാസം സാധാരണമാണ്. എന്നാൽ കടൽ ഒഴിഞ്ഞുപോകുന്ന പ്രദേശത്തെ ഭൂമി കയ്യേറുന്നത് അനുവദിക്കാൻ പാടില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെയും സാമൂഹിക ചുറ്റുപാടിനെയും ദോഷമായി ബാധിക്കുമെന്നതിനാൽ കടൽത്തീരം കൈയേറ്റം ചെയ്യുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

67. ചേറ്റുവ കടൽത്തീരത്ത് കാറ്റാടിമരങ്ങൾ മറിഞ്ഞുവീണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വള്ളം ഇറക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും അപകടങ്ങൾക്ക് വഴിതെളിക്കുകയും ചെയ്യുന്നതിനോടൊപ്പം അവ വെട്ടിമാറ്റുന്നതിന് കാലതാമസം ഉണ്ടാകുന്നതുമൂലം മരങ്ങൾ നഷ്ടപ്പെടുകയും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. കാറ്റാടിമരങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും സാങ്കേതികമായ നടപടിക്രമങ്ങൾ പൂർത്തിയാകാത്തതു കാരണം മുറിച്ചുമാറ്റുവാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരം കാലവിളംബംമൂലം മത്സ്യത്തൊഴിലാളികളുടെ വള്ളത്തിനും വലയ്ക്കും കേടുപാടുകൾ സംഭവിക്കുകയും ചെയ്യുന്നു. ആയതിനാൽ ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിന്

തടസ്സം സൃഷ്ടിച്ചു വീണുകിടക്കുന്ന കാറ്റാടിമരങ്ങൾ മുറിച്ചുമാറ്റുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, പ്രദേശത്തെ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി സോഷ്യൽ ഫോറസ്ട്രി വകുപ്പ് വച്ചുപിടിപ്പിച്ചിരിക്കുന്ന കാറ്റാടിമരങ്ങൾക്ക് ചുവട്ടിൽ കുറ്റിച്ചെടികൾ വളർന്ന് കൊടുംകാടായി മാറി ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തീരപ്രദേശങ്ങളിൽ ഇടതൂർന്നു വളർന്നുനില്ക്കുന്ന കുറ്റിക്കാടുകൾവെട്ടി സ്ഥലം വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## പൊതുവിഷയങ്ങൾ

68. കടലോര പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം ഒരു പ്രധാന വിഷയമായി മാറിയിരിക്കുന്നു. ശുദ്ധജലവിതരണ പദ്ധതിയിലൂടെ പലയിടത്തും ഉപ്പുരസം കലർന്ന വെള്ളമാണ് വിതരണം ചെയ്യുന്നതെന്ന പരാതി ഉയർന്നുവരുന്നുണ്ട്. പല പഞ്ചായത്തുകളും അവരുടെ ആവശ്യങ്ങളുടെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയാണ് കുടിവെള്ള പദ്ധതിയും നടപ്പിലാക്കുന്നത്. തത്ഫലമായി പല പദ്ധതികളും നടപ്പിലാക്കി ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതിന് വർഷങ്ങളോളം കാലതാമസം നേരിടുന്നു. ചില സന്ദർഭങ്ങളിൽ ഒരു പഞ്ചായത്തിനു മാത്രമായി ഒരു പദ്ധതി നടപ്പിലാക്കാൻ പല സാങ്കേതിക തടസ്സങ്ങളും ഉണ്ടാകാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ പല പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒറ്റ പദ്ധതിയായി ആസൂത്രണം ചെയ്ത് ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ശുദ്ധജലവിതരണത്തിനായി സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ പലതും കാലപ്പഴക്കംകൊണ്ട് ഉപയോഗക്ഷമമല്ലാതായിരിക്കുന്നു. ആയതിനാൽ കുടിവെള്ളവിതരണം സുഗമമാക്കുന്നതിന് പഴയ പൈപ്പുകൾമാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

69. കടലോരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മുനമ്പം ഭാഗത്ത് ചെയ്തിരുന്ന രീതിയിൽ ഡിസാലിനേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് കടൽവെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം സംബന്ധിച്ച പഠനങ്ങൾ നടത്തി ചെലവു കുറഞ്ഞ രീതിയിൽ നടപ്പിലാക്കണമെന്നും ഇതു സംബന്ധിച്ച ആവർത്തന ചെലവുകൾക്ക് ആവശ്യമായ തുക മത്സ്യബന്ധന വകുപ്പിന്റെ ഫണ്ടിൽനിന്നും വഹിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

70. സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ അവരുടെ ഭവനനിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങൽ, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്കുവേണ്ടി എടുത്ത വായ്പകളിൽ ഒരു കുടുംബത്തിന് പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി പരമാവധി 1.25 ലക്ഷം രൂപവരെ കടാശ്വാസമായി ലഭ്യമാണ്. കടാശ്വാസ കമ്മീഷന്റെ ശുപാർശപ്രകാരം നാളിതുവരെ 111826 കേസുകളിലായി 421,10,71,118 രൂപ വിവിധ സ്ഥാപനങ്ങൾക്ക്

കടാശ്വാസമായി നൽകിയിട്ടുണ്ട്. എന്നാൽ മൂന്നു വർഷം മുമ്പുവരെ തീർപ്പുകൽപ്പിച്ച കേസുകളിൽപ്പോലും ഇതുവരെ തുക നൽകിയിട്ടില്ലെന്നും നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും എടുത്ത വായ്പകളിന്മേൽ ആനുകൂല്യം നൽകുന്ന കാര്യത്തിൽ തീരുമാനം ആയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ക്ഷേമത്തിനായി വിഭാവനം ചെയ്തിരിക്കുന്ന ആനുകൂല്യത്തിന്റെ പ്രയോജനം അവർക്ക് പൂർണ്ണമായും ലഭ്യമാക്കുന്നതിനുവേണ്ടി കടാശ്വാസകമ്മീഷനുമായി ചർച്ച നടത്തി പോരായ്മകൾ പരിഹരിക്കുന്നതിനും ആനുകൂല്യം നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾക്കുംകൂടി ബാധകമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ മുഴുവൻ കേസുകളിലും തീർപ്പുകൽപ്പിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കണമെന്നും ഇതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്യുന്ന തുകയ്ക്കുപുറമേയുള്ള വായ്പാത്തുക വ്യക്തികൾതന്നെ അടച്ചു തീർക്കണമെന്നുള്ളതിനാൽ മത്സ്യമേഖലയിൽ ഇതു സംബന്ധിച്ച് നിലനിൽക്കുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഒരു ബോധവൽക്കരണ പരിപാടിയും ക്രമീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

71. എല്ലാ മത്സ്യബന്ധന തുറമുഖ പ്രദേശങ്ങളുടെയും പരിസരപ്രദേശങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനവും ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതും വളരെ പ്രാധാന്യമർഹിക്കുന്നുവെന്ന് സമിതി വിലയിരുത്തുന്നു. മലിനജലം ഒഴുകിപ്പോകാനുള്ള ഓടകളും ഖരമാലിന്യം സംസ്ക്കരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതും ലേലപ്പുരയും മത്സ്യസംസ്ക്കരണം നടത്തുന്ന സ്ഥലങ്ങളും യഥാസമയം വൃത്തിയാക്കുന്നത് കർക്കശമാക്കുന്നതും കടപ്പുറങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നാല്ക്കാലികളെ നിയന്ത്രിക്കുന്നതും ജൈവമാലിന്യം സംസ്ക്കരിച്ച് വളമായി രൂപാന്തരപ്പെടുത്തുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതും തുറമുഖങ്ങളെയും അനുബന്ധ പ്രദേശങ്ങളെയും പരിസ്ഥിതി സൗഹൃദസ്ഥിതിയിലേക്ക് നയിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഓരോ മത്സ്യബന്ധന തുറമുഖത്തോടനുബന്ധിച്ചും തീരദേശവാസികളുടെ പരിപൂർണ്ണ സഹകരണത്തോടെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം സ്ഥാപിക്കുന്നതിനായി ഒരു തദ്ദേശീയ സംയോജിത തുറമുഖ പരിപാലന സൊസൈറ്റി രൂപീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

72. മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ ഘട്ടത്തിൽ പലപ്പോഴും പുലിമുട്ടുകളുടെ സിങ്കേജ് പ്രശ്നം ഒരു വെല്ലുവിളിയായി ഉയർന്നുവരുന്നതായി സമിതി കണ്ടെത്തി. പ്രാരംഭപഠനത്തിൽ കണ്ടെത്താൻ കഴിയാതെവരികയും പ്രവൃത്തി പുരോഗമിക്കുന്നവേളയിൽ സംഭവിക്കുകയും ചെയ്യുന്ന സിങ്കേജ് പ്രശ്നംമൂലം യഥാസമയം പദ്ധതി പൂർത്തിയാക്കാൻ കഴിയാതെവരികയും തൻമൂലം പദ്ധതിച്ചെലവിൽ വൻവർദ്ധനവിന് കാരണമാകുകയും ചെയ്യുന്നു. ഇപ്രകാരം ദീർഘവീക്ഷണം കൂടാതെ പ്രാഥമിക പഠനം നടത്തുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ ഇനിയുള്ള എല്ലാ പുലിമുട്ടുകളുടെയും നിർമ്മാണം

നടത്തുമ്പോൾ പൂനെയിലുള്ള വാട്ടർ റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭിപ്രായംകൂടി ആരായണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഇപ്രകാരമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കടലിന്റെ സ്വഭാവം, തിരമാലകളുടെയും കടലൊഴുക്കിന്റെയും ഗതി തുടങ്ങിയ ഘടകങ്ങളിൽ പരിചയസമ്പന്നരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അഭിപ്രായംകൂടി ആരായണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

73. മണ്ണെണ്ണ ഉപയോഗം കുറച്ച് ഡീസൽ ഉപയോഗിക്കണമെന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം പരിഗണിച്ച് എഞ്ചിനുകൾ ഡീസലൈസേഷൻ ചെയ്യുന്നതിനുള്ള പൈലറ്റ് പ്രോജക്ടിൽ 100 എഞ്ചിനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും കടലിൽപോകുന്ന വള്ളങ്ങളുടെയും ബോട്ടുകളുടെയും സുരക്ഷിതത്വം മുൻനിർത്തി സി-ഡാക്കിന്റെ പ്രോജക്ടുപ്രകാരം എൻ.ഐ.സി.യുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മത്സ്യത്തൊഴിലാളിയാനങ്ങളിൽ റിമോട്ട് സെൻസിംഗ്, പഞ്ചിംഗ് തുടങ്ങിയ റെസ്ക്യു ഓപ്പറേഷൻസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നും സമിതിയിൽ ബോധിപ്പിക്കപ്പെട്ടു. മത്സ്യബന്ധനയാനങ്ങളുടെ മേൽപ്പറഞ്ഞ രീതിയിലുള്ള ആധുനികവൽക്കരണം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും പഞ്ചിംഗ് സിസ്റ്റവും ചിപ്പ് ഘടിപ്പിക്കലും പൂർത്തിയാകുമ്പോൾ കടലിൽപോയ വള്ളങ്ങളുടെ വിവരങ്ങൾ തത്സമയം അറിയാൻ കഴിയുമെന്നതിനാലും സുരക്ഷ സംബന്ധിച്ച വിഷയങ്ങൾക്ക് അത്യന്തം ഉപകാരപ്പെടുമെന്നതിനാലും ആയത് അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

74. കോസ്റ്റൽ റെഗുലേഷൻ സോൺ നിബന്ധനകൾമൂലം തീരമേഖലയിലുള്ളവർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിച്ച് നൽകുന്നുണ്ടെങ്കിലും സി.ആർ.ഇസഡ്. നിബന്ധനമൂലം നിലവിലുള്ള ബിൽഡിംഗ് ലൈനിൽത്തന്നെ വീട് നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് അനുമതി നൽകുന്നില്ല. ആയതിനാൽ നിലവിലുള്ള ബിൽഡിംഗ് ലൈനിൽത്തന്നെ മത്സ്യത്തൊഴിലാളികൾ വീട് നിർമ്മിക്കുന്നതിനെപ്പോലും നിയമവിരുദ്ധമായി കണക്കാക്കുകയും വീടിന് നമ്പർ നൽകാതെയുമിരിക്കുന്നു. വീടിന് നമ്പർ ലഭിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്ന സ്ഥിതിവിശേഷമാണ് നിലനില്ക്കുന്നത്. സി.ആർ.ഇസഡ്. സംബന്ധിച്ച നിബന്ധനകൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലങ്ങളിൽ പലരീതിയിൽ വ്യാഖ്യാനിച്ച് മത്സ്യമേഖലയിൽ നടപ്പിലാക്കുന്നതിനാൽ തീരവാസികൾ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ നിയമാനുസൃതമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുണ്ടെങ്കിൽ അത് നിർത്തലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

75. 1991-ൽ നിലവിലുണ്ടായിരുന്ന സാഹചര്യങ്ങൾക്കനുസൃതമായാണ് ഇപ്പോഴും സി.ആർ.ഇസഡ്. നിയമം നടപ്പിലാക്കിവരുന്നത്. അതിനുശേഷം പദ്ധതികളിലും ചട്ടങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദവിയിലും ഉണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ട് കാലാനുസൃതമായി ഈ നിയമം നടപ്പിൽവരുത്തുന്നകാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

76. സി.ആർ.ഇസഡ്. നിബന്ധനകൾ ബാധകമാക്കുന്നതു സംബന്ധിച്ച് പഞ്ചായത്ത്/നഗരസഭ ഉദ്യോഗസ്ഥതലങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ പുതിയ വീടുകളുടെ നിർമ്മാണത്തിനുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കുകയോ തീരുമാനം എടുക്കാതെയിരിക്കുകയോ ചെയ്യുന്ന സാഹചര്യം സംജാതമാകുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് വ്യക്തത കൈവരുന്നതിനുവേണ്ടി കോസ്റ്റൽ സോൺ റെഗുലേഷൻ നിബന്ധനകളുമായി ബന്ധപ്പെട്ട് നിലവിൽ ഉപയോഗിക്കുന്ന കൈപ്പുസ്തകങ്ങളിൽ സർക്കാർതലത്തിലെ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി പുനഃപ്രസിദ്ധീകരിച്ച് ഈ വിഷയം കൈകാര്യം ചെയ്യുന്ന എല്ലാ സർക്കാർ ഓഫീസുകളിലും ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

77. കാലാകാലങ്ങളിൽ മത്സ്യമേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദവികളിലും മാറ്റം സംഭവിക്കുന്നതിനാൽ കോസ്റ്റൽ സോൺ റെഗുലേഷൻ സംബന്ധിച്ച കാര്യങ്ങളിൽ കൂടുതൽ വ്യക്തതയുണ്ടാകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ ഏകോപനം വേണമെന്നും നിബന്ധനകൾ ബാധകമാക്കുന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. സി.ആർ.ഇസഡ്. നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മാപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാപ്പിംഗ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

78. സി.ആർ.ഇസഡ്. നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടതായി മനസ്സിലാക്കുന്നു. ഇവ കൃത്യമായി യോഗം ചേർന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

79. ചില മത്സ്യബന്ധന തുറമുഖ പ്രദേശങ്ങളിൽ മത്സ്യം ലേലം ചെയ്യുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള ലേലപ്പുരകൾ വലിപ്പം കുറഞ്ഞവയോ സൗകര്യങ്ങൾ അപര്യാപ്തമായതോ ആണ്. ചിലയിടങ്ങളിൽ ലേലപ്പുരയുടെ നിർമ്മാണവും നടത്തിയിട്ടില്ല. തുറസ്സായ സ്ഥലങ്ങളിൽവച്ച് മത്സ്യലേലവും വിപണനവും സംസ്ക്കരണവും നടത്തുന്നത് വൃത്തിഹീനമായ അന്തരീക്ഷം സൃഷ്ടിക്കും എന്നതിനാൽ തുറമുഖപ്രദേശങ്ങളിൽ ലേലപ്പുരകൾ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ, വലിപ്പം കൂട്ടൽ, പുനർനിർമ്മാണം എന്നിവ വേണ്ടിടത്ത് അത് അടിയന്തരമായി ചെയ്യുകയും വേണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

80. കടലോരപ്രദേശങ്ങളിലെ യാത്രാസൗകര്യം, മത്സ്യവിപണനം തുടങ്ങിയവ ലക്ഷ്യമാക്കി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ധാരാളം റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പലയിടത്തും റോഡുകൾ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. പുതിയ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ഏറ്റെടുത്തു നടത്തുന്നതിന് കാലതാമസം നേരിടുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മത്സ്യബന്ധന തുറമുഖങ്ങളിലും അനുബന്ധ പ്രദേശങ്ങളിലും മോശമായ അവസ്ഥയിലുള്ള റോഡുകളുടെ പുനർനിർമ്മാണപ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

81. തീരദേശ മേഖലയിലെ മണ്ണെണ്ണ വിതരണവുമായി ബന്ധപ്പെട്ട് അനേകം പരാതികൾ സമിതിക്ക് ലഭിക്കുന്നുണ്ട്. അർഹതയില്ലാത്തവർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുമ്പോൾ അർഹതയുള്ളവർ ലിസ്റ്റിൽനിന്ന് പിന്തള്ളപ്പെടുന്നുവെന്നും വിതരണം ചെയ്യുന്ന മണ്ണെണ്ണ അപര്യാപ്തമാണെന്നും സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടു. കേന്ദ്രസർക്കാരിൽനിന്ന് മണ്ണെണ്ണ ലഭിക്കുന്നത് വൈദ്യുതി കണക്ഷൻ ഇല്ലാത്തവർക്ക് വിളക്ക് കത്തിക്കുന്നതിനും ഗ്യാസ് കണക്ഷൻ ഇല്ലാത്തവർക്ക് അടുപ്പ് കത്തിക്കുന്നതിനുമാണ്. ഇങ്ങനെ കിട്ടുന്ന മണ്ണെണ്ണയുടെ ഒരു ഭാഗം മാറ്റിയെടുത്താണ് മത്സ്യബന്ധനത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്. വൈദ്യുതീകരണവും ഗ്യാസ് കണക്ഷനുകളുടെ എണ്ണവും വർദ്ധിക്കുമ്പോൾ സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണയുടെ വിഹിതം കുറയും. അതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളങ്ങളിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ മണ്ണെണ്ണ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പെർമിറ്റ് മണ്ണെണ്ണ വിതരണം ചെയ്യുന്ന കാര്യത്തിൽ പൊതുവിതരണ കോർപ്പറേഷൻ കുറച്ചുകൂടി ശ്രദ്ധചെലുത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

82. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന തുറമുഖ വകുപ്പ് നിർദ്ദേശിക്കുന്നതും ക്ഷേമനിധി ബോർഡിന്റേതുമായി രണ്ടുതരം ഇൻഷ്വറൻസ് പദ്ധതിയാണ് നിലവിലുള്ളത്. രണ്ട് പദ്ധതിയിലും 5 ലക്ഷം രൂപവീതം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. എന്നാൽ മത്സ്യബന്ധനവേളയിൽ ഹൃദയാഘാതംപോലെ പെട്ടെന്നുള്ള അസുഖംമൂലം മരണപ്പെടുന്നവർക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ല. മത്സ്യബന്ധനസമയത്ത് ഹൃദയാഘാതംപോലെയുള്ള അസുഖംമൂലം മരണപ്പെടുന്നവർക്കുകൂടി അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്ന തരത്തിൽ നിലവിലുള്ള ഇൻഷ്വറൻസ് സംവിധാനം പരിഷ്ക്കരിക്കുന്നതിന് മത്സ്യബന്ധന വകുപ്പ് ബന്ധപ്പെട്ട വകുപ്പിനോട് ആരാഞ്ഞ് നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

83. മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകുന്ന പെൻഷൻതുക കൃത്യമായി ലഭിക്കുന്നതിനുവേണ്ടിയാണ് പെൻഷൻവിതരണം ബാങ്കുമുഖേനയാക്കിയത്. എന്നാൽ ബാങ്ക് അക്കൗണ്ട് നമ്പർ എഴുതിക്കൊടുക്കുമ്പോൾ തെറ്റുവരുന്നതുകൊണ്ടും അക്കൗണ്ട് നോൺ-ഓപ്പറേറ്റീവ് ആകുന്നതിനാലും പലപ്പോഴും പെൻഷൻതുക കിട്ടാത്ത അവസ്ഥ സംജാതമാകുന്നു. ആയതിനാൽ പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിച്ച് അർഹരായ എല്ലാവർക്കും പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ബാങ്ക് അക്കൗണ്ടുകൾ ഓപ്പറേറ്റീവ് ആയി സൂക്ഷിക്കുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ ബോധവത്കരണവും മാർഗ്ഗനിർദ്ദേശങ്ങളും നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

84. പൊതുവെ ജനസാന്ദ്രതകൂടിയ കടലോര പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി ഭവനങ്ങളിൽ ഒരു വീട്ടിൽത്തന്നെ ഒന്നിലധികം കുടുംബങ്ങൾ അധിവസിക്കുന്നതായും എല്ലാ കുടുംബങ്ങൾക്കുംകൂടി ഒരു റേഷൻകാർഡ് മാത്രമേ അനുവദിക്കുകയുള്ളു എന്നതിനാൽ അവർ പല കാര്യങ്ങളിലും ബുദ്ധിമുട്ട് അനുഭവിക്കുന്നതായുമുള്ള പരാതി സമിതി മുമ്പാകെ ഉയർന്നുവന്നു. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളെ ഒരു പ്രത്യേക വിഭാഗമായി പരിഗണിച്ച് ഒരു വീട്ടിൽത്തന്നെ താമസിക്കുന്ന ഒന്നിലധികം മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ഓരോ കുടുംബത്തിനും പ്രത്യേകം റേഷൻകാർഡുകൾ നൽകുന്നത് ഉചിതമായിരിക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

85. പ്രൈമറിതലം മുതൽ പ്ലസ് ടുതലം വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിച്ചുവെങ്കിലും അത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടിയുള്ള ധനസഹായം കൊടുക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത തുക വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

86. വർഷത്തിൽ രണ്ട് മാസത്തോളം മത്സ്യബന്ധനം സാദ്ധ്യമാകാതെവരുന്ന കാലയളവിൽ ക്ഷേമനിധി അംശദായം അടയ്ക്കുന്നതിൽ അംഗങ്ങൾ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അപ്രകാരമുള്ള സമയങ്ങളിൽ തുക അടയ്ക്കുന്നതിൽ അവർക്ക് ഇളവ് നൽകുന്നകാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

87. മത്സ്യബന്ധന രംഗത്തെ അശാസ്ത്രീയമായ രീതികൾ നിരോധിച്ചെങ്കിൽ മാത്രമേ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഈ മേഖലയിൽ പിടിച്ചു നില്ക്കാനാകു. മത്സ്യത്തൊഴിലാളികൾ ജീവസന്ധാരണത്തിനുവേണ്ടി അനുഭവിക്കുന്ന ക്ലേശവും ബുദ്ധിമുട്ടുകൾക്കതീതമായി അവരെ ഗ്രസിക്കുന്ന കടബാദ്ധ്യതയും ചൂഷണവും പുത്തൻതലമുറയെ പരമ്പരാഗത മത്സ്യമേഖലയിൽനിന്ന് മറ്റു തൊഴിലുകളിലേക്ക് ആകർഷിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ ഉന്നമനംമാത്രം ലക്ഷ്യമാക്കിയാണ് വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെങ്കിലും അത് യഥാർത്ഥ ഗുണഭോക്താവിന്റെ കരങ്ങളിലെത്തിച്ചേരുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഒരു സംവിധാനവും ഇന്ന് നിലവിലില്ല.

88. മത്സ്യത്തൊഴിലാളിമേഖലയിൽ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ അവരുടെ താല്പര്യംകൂടി കണക്കിലെടുക്കുന്നത് ഉചിതമായിരിക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന ഫണ്ട് ആ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി മാത്രം വിനിയോഗിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള വിവിധ ക്ഷേമപദ്ധതികൾക്കും ആനുകൂല്യങ്ങൾക്കുംവേണ്ടി പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയോ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

89. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക മേഖലകളിലെ തകർച്ചയ്ക്ക് അവർക്കിടയിലെ ലഹരി ഉപയോഗം ഒരു പരിധിവരെ കാരണമാകുന്നുണ്ട്. മത്സ്യ വിപണനത്തിലൂടെ ലഭിക്കുന്ന തുക അന്നന്നുതന്നെ ചെലവഴിച്ച് ലഹരിപദാർത്ഥങ്ങൾ വാങ്ങി ഉപയോഗിക്കുന്നത് വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും ആകമാനം ദോഷകരമായി ബാധിക്കും എന്നതിനാൽ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ വിപത്തുകളെയും ഭാവിക്കുവേണ്ടി ധനം കരുതിവെയ്ക്കേണ്ടതിന്റെ ആവശ്യകതയെയും കുടുംബ ഭദ്രതയെയും സംബന്ധിച്ച് മത്സ്യമേഖലയിലെ തൊഴിലാളികൾക്കിടയിൽ ഊർജ്ജിത ബോധവത്കരണം നടത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു.

90. മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിയമങ്ങളും നിബന്ധനകളും ശക്തമാക്കുകയല്ല, മറിച്ച് അവർക്കു മുഴുവൻ പ്രയോജനം ലഭിക്കുന്ന വിധത്തിൽ സുതാര്യവും ലളിതവും ആക്കുകയാണു വേണ്ടത്. പ്രകൃതിശക്തികളോട് മല്ലിട്ട്, ജീവൻ പണയംവച്ച് അവർ അതിജീവനത്തിനായി നടത്തുന്ന യത്നങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകുന്നു എന്ന വസ്തുത വിസ്മരിക്കാൻ പാടില്ല. ആയതിനാൽ മത്സ്യമേഖലയിലെ പരമ്പരാഗത തൊഴിലാളികളുടെ പിന്നോക്കാവസ്ഥ തിരിച്ചറിഞ്ഞ്, അവർ നല്കുന്ന സംഭാവനകളുടെമൂല്യം ഉൾക്കൊണ്ട്, അവരുടെ ഉന്നമനത്തിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഏറെ ഫലപ്രദമായിരിക്കും എന്ന് സമിതി പ്രത്യാശിക്കുന്നു.

ഡൊമിനിക് പ്രസന്റേഷൻ,
*അദ്ധ്യക്ഷൻ,*
*മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 4.

<u>അനുബന്ധം I</u>

## സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ

| *ക്രമ നമ്പർ* | *ഫിഷറി ഹാർബർ* | *ജില്ല* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വിഴിഞ്ഞം | തിരുവനന്തപുരം | തദ്ദേശവാസികൾ തടസ്സപ്പെടുത്തിയതുമൂലം പൂർത്തീകരണം സ്തംഭിച്ചിരിക്കുകയാണ് |
| 2 | മുതലപ്പൊഴി | തിരുവനന്തപുരം | പ്രവൃത്തി നടന്നുവരുന്നു |
| 3 | തങ്കശ്ശേരി | കൊല്ലം | പൂർത്തീകരിച്ചു |
| 4 | നീണ്ടകര | കൊല്ലം | പൂർത്തീകരിച്ചു |
| 5 | കായംകുളം | ആലപ്പുഴ | പൂർത്തീകരിച്ചു |
| 6 | തോട്ടപ്പള്ളി | ആലപ്പുഴ | പൂർത്തീകരിച്ചു |
| 7 | ചെത്തി | ആലപ്പുഴ | പ്രവൃത്തി നടന്നുവരുന്നു |
| 8 | അർത്തുങ്കൽ | ആലപ്പുഴ | അംഗീകാരം ലഭ്യമായി. പ്രവൃത്തി ആരംഭിക്കുന്നതാണ് |
| 9 | ചെല്ലാനം | എറണാകുളം | പ്രവൃത്തി നടന്നുവരുന്നു |
| 10 | മുനമ്പം | എറണാകുളം | പൂർത്തീകരിച്ചു |
| 11 | ചേറ്റുവ | തൃശ്ശൂർ | പ്രവൃത്തി നടന്നുവരുന്നു |
| 12 | പൊന്നാനി | മലപ്പുറം | പൂർത്തീകരിച്ചു |
| 13 | താനൂർ | മലപ്പുറം | അംഗീകാരം ലഭ്യമായി. നിർമ്മാണം ആരംഭിക്കുന്നതാണ് |
| 14 | ബേപ്പൂർ | കോഴിക്കോട് | പൂർത്തീകരിച്ചു |
| 15 | വെള്ളയിൽ | കോഴിക്കോട് | അംഗീകാരം ലഭ്യമായി. നിർമ്മാണം ആരംഭിക്കുന്നതാണ് |
| 16 | പുതിയാപ്പ | കോഴിക്കോട് | പൂർത്തീകരിച്ചു |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | കൊയിലാണ്ടി | കോഴിക്കോട് | പ്രവൃത്തി നടന്നുവരുന്നു |
| 18 | ചോമ്പാൽ | കോഴിക്കോട് | പൂർത്തീകരിച്ചു |
| 19 | തലായ് | കണ്ണൂർ | പ്രവൃത്തി നടന്നുവരുന്നു |
| 20 | മോപ്പിളബേ | കണ്ണൂർ | പൂർത്തീകരിച്ചു |
| 21 | അഴീക്കൽ | കണ്ണൂർ | പൂർത്തീകരിച്ചു |
| 22 | ചെറുവത്തൂർ | കാസർഗോഡ് | പ്രവൃത്തി നടന്നുവരുന്നു |
| 23 | കാസർഗോഡ് | കാസർഗോഡ് | പ്രവൃത്തി നടന്നുവരുന്നു |
| 24 | മഞ്ചേശ്വരം | കാസർഗോഡ് | അംഗീകാരം ലഭ്യമായി. നിർമ്മാണം ആരംഭിക്കുന്നതാണ് |

509/2014.

## അനുബന്ധം II

| ക്രമ നമ്പർ | വകുപ്പ് | ബന്ധപ്പെട്ട ഖണ്ഡികകൾ |
|---|---|---|
| 1 | മത്സ്യബന്ധന തുറമുഖം | 9, 10, 11, 12, 13, 15, 16, 17, 18, 21, 23, 35, 36, 38, 39, 40, 41, 42, 43, 44, 48, 49, 50, 51, 52, 53, 54, 55, 58, 60, 61, 62, 63, 64, 65, 66, 67, 69, 70, 71, 72, 73, 74, 75, 76, 77, 79, 80, 81, 82, 83, 85, 86, 88, 89 |
| 2 | ജലവിഭവം | 14, 23, 68, 69, 72 |
| 3 | ശാസ്ത്രസാങ്കേതികം | 18, 74, 75, 76, 77, 78 |
| 4 | റവന്യൂ | 19, 35, 48, 74, 75, 76, 78 |
| 5 | ആരോഗ്യ കുടുംബക്ഷേമം | 20, 45, 56, 57, 89 |
| 6 | സാമൂഹ്യനീതി | 89 |
| 7 | പൊതുമരാമത്ത് | 22, 61 |
| 8 | പൊതു വിദ്യാഭ്യാസം | 21, 85 |
| 9 | ഊർജ്ജം | 46 |
| 10 | ഭക്ഷ്യ പൊതുവിതരണം | 81, 84 |
| 11 | തദ്ദേശസ്വയംഭരണം | 18, 19, 68, 74, 76, 77, 84 |